2025
ജനുവരി

ഒറ്റ പ്രതി : ₹10
Pages 08
Vol: 14
Issue : 1

# ക്രിസ്തീയ ദർശനം

ക്രിസ്ത്യൻ ബ്രദറൺ സഭാ വാർത്താ പത്രം

സത്യവചനം ≫ സാഹോദര്യം ≫ സ്വാതന്ത്ര്യം ≫ സഹവർത്തിത്വം

CHRISTHEEYA DARSHANAM

വാർഷിക വരിസംഖ്യ ₹ 100

Published From **Ranny**
RNI. No. KERBIL/2008/26466
**REGISTERED**
Postal Reg. No.
KL / PTA / 89 / 2023-2025

## കുമ്പനാട് ബ്രദറൺ കൺവൻഷൻ സമാപന സന്ദേശം

# വിശ്വാസി; നിത്യത കണ്ണിൽ മുദ്രണം ചെയ്യണം; സുവി. ചാണ്ടപ്പിള്ള ഫിലിപ്പ്

**യേശുക്രിസ്തുവിന്റെ ഭാവികാല പ്രത്യക്ഷതകളിൽ (മേഘ – മഹത്വ പ്രത്യക്ഷതകൾ) അവൻ തേജസ്ക്കരിക്കപ്പെട്ട ജഡശരീരത്തോടെ പ്രത്യക്ഷനാകും !**



**കുമ്പനാട്:** യേശുക്രിസ്തുവിന്റെ ജഡധാരണത്തിന്റെ മഹത്വം, ഭാവികാല പ്രത്യക്ഷത, ദൈവരാജ്യസ്ഥാപനം എന്നിവ സംബന്ധിച്ച് ബൈബിളിന്റെ അടിസ്ഥാനത്തിൽ നൂറ് കണക്കിന് വിശ്വാസികളുടെ പ്രത്യാശയുണർത്തി സുവി. ചാണ്ടപ്പിള്ള ഫിലിപ്പ് കുമ്പനാട് ബ്രദറൺ കൺവൻഷന്റെ സമാപന സന്ദേശം നൽകി.

യേശു ക്രിസ്തുവിന്റെ ജഡധാരണത്തിന്റെ ഉദ്ദേശ്യങ്ങൾ എന്തെല്ലാമായിരുന്നു? ഒന്ന്. ദൈവത്തെ വെളിപ്പെടുത്തുക. രണ്ട്. പാപികളെ രക്ഷിക്കുക. ബൈബിളിലെ പ്രതിപാദ്യവിഷയം തന്നെ, "വീണുപോയ മനുഷ്യനും വീണ്ടെടുപ്പുക്കാരനായ യേശുവും" എന്നതാണ്. കെ.പി. അപ്പൻ എന്ന സാഹിത്യകാരൻ "ബൈബിൾ വെളിച്ചത്തിന്റെ കവചം" എന്ന പുസ്തകത്തിൽ വളരെ പ്രസക്തമായ ഒരു കാര്യം പറഞ്ഞിട്ടുണ്ട്. അത് ഇങ്ങനെയാണ്. "ദൈവം ജഡാവതാരമെടുത്താൽ അവന് യേശുവിന്റെ ഛായ ആയിരിക്കും". 1 യോഹ: 3:5,8 എന്നീ വാക്യങ്ങളിൽ യേശുക്രിസ്തുവിന്റെ ജഡാവതാരണത്തിന് പ്രധാനമായ രണ്ട് കാര്യങ്ങൾ രേഖപ്പെടുത്തുന്നു. ഒന്ന്. പാപങ്ങളെ നീക്കുവാൻ, രണ്ട്. പിശാചിന്റെ പ്രവർത്തികളെ അഴിക്കുവാൻ. ഒരിക്കൽ പാപത്തിന് പരിഹാരം വരുത്തുവാൻ യേശുക്രിസ്തു ജഡത്തിൽ അവതാരമെടുത്തുവെങ്കിൽ ബൈബിൾ വെളിപ്പെടുത്തുന്ന ഭാവികാലത്തെ രണ്ട് പ്രത്യക്ഷതയിലും യേശുക്രിസ്തു ജഡ ശരീരത്തിൽ തന്നെ വെളിപ്പെടും. ഏതാണ് ആ രണ്ട് പ്രത്യക്ഷതകൾ ഒന്ന്. മേഘ പ്രത്യക്ഷത, രണ്ട് മഹത്വ പ്രത്യക്ഷത. യേശു കർത്താവിന്റെ ഭാവികാല പ്രത്യക്ഷതയുടെ രണ്ട് ഘട്ടങ്ങൾ (പതനങ്ങളാണ് അവ). 1 തെസ്സ. 4:16–18 വാക്യങ്ങൾ മേഘപ്രത്യക്ഷത എങ്ങനെയെന്ന് വിശദീകരിച്ചിട്ടുണ്ട്. ഈ പ്രത്യക്ഷതയുടെ പ്രത്യേകതകൾ എബ്രാ: 9:28–ൽ പറയുന്നതുപോലെ അവൻ പാപം കൂടാതെ രണ്ടാമതും പ്രത്യക്ഷനാകും. ഈ പ്രത്യക്ഷതയുടെ ഒരേ ഒരു ഉദ്ദ്യേശം ദൈവസഭയുടെ ഉൽപ്രാപണമാണ്.

പഴയനിയമത്തിൽ സഭയുടെ

▶▶2

# കോട്ടയം ബ്രദറൺ കൺവൻഷൻ സമാപിച്ചു

## കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുത്, സുവി. റ്റി. വി. മാത്യു



**കോട്ടയം:** യഹൂദ അടയാളത്തിന് പിന്നാലെ പോകുന്നു. യവനന്മാർ ജ്ഞാനം അന്വേഷിക്കുന്നു, അപ്പോ: പൗലോസ് പറയുന്നു ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗി ക്കുന്നു. കർത്താവ് പറഞ്ഞു യോനയുടെ അടയാളം അല്ലാതെ എന്ത് അടയാളമാണ് വേണ്ടത്. യോന കടലാനയുടെ വയറ്റിൽ മൂന്ന് രാവും മൂന്ന് പകലും ഇരുന്നതു പോലെ -എന്നു പറഞ്ഞാൽ യേശുവിന്റെ മരണവും, അടക്കവും, പുനഃരുദ്ധാനവും ആണ് ദൈവം ലോകത്തിന് നൽകിയ ഏറ്റവും വലിയ അടയാളം. ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങൾ ഗുപ്തമായിട്ടിരിക്കുന്ന (കൊല: 2:33) യേശുവാണ് സമ്പൂർണ്ണജ്ഞാനം. അതു കൊണ്ട് പൗലോസ് പറയുന്നു -ക്രൂശിക്കപ്പെട്ട ക്രിസ്തുവാണ് എന്റെ പ്രസംഗവിഷയം. ലോകത്തിന്റെ മുന്നിൽ ക്രൂശ് അപമാനത്തിന്റെയും, നിന്ദയുടെയും അടയാളമാണ് എങ്കിലും പൗലോസിനെ സംബന്ധിച്ച് ക്രൂശ് പ്രസംഗവിഷയം ആണ്. ദൈവസഭയെ തകർക്കാൻ കച്ചകെട്ടി ഇറങ്ങിയ പൗലോസിന് പ്രശംസിക്കാൻ മറ്റുപലതും ഉണ്ടായിരുന്നു. ഫിലി: 3:5 ൽ എട്ടാം നാളിൽ പരിച്ഛേദന ഏറ്റവൻ എന്നു പറഞ്ഞാൽ ദൈവം യഹൂദന് കൊടുത്ത അടയാളത്തിന്റെ മുദ്ര ഏറ്റവൻ, പുത്രത്വവും, വാഗ്ദത്തങ്ങളും, ആരാധനയും, ന്യായപ്രമാണവും ലഭിച്ച യിസ്രായേൽ ജാതിക്കാരൻ, കടിച്ചു കീറുന്ന ചെന്നായി എന്നറിയപ്പെടുന്ന ബെന്യാമിൻ ഗോത്രക്കാരൻ തുടങ്ങി എണ്ണമറ്റ

▶▶3




Happy New Year
Wishes from
CHRISTHEEYA DARSHANAM

## മുഖപ്രസംഗം

# പ്രതീക്ഷയറ്റ യുവത

### മയക്കുമരുന്ന് ഉപയോഗം നിയന്ത്രണാതീതമായിരിക്കുന്നു. സമൂഹം ഉണരണം..
### മദ്യമയക്കുമരുന്നുകൾക്കെതിരെയുള്ള കാമ്പെയിൻ അഭംഗുരം തുടരണം



നവയുഗ കേരളം നാശോന്മുഖമായ പ്രയാണത്തിന്റെ പാരമ്യതയിൽ എത്തിനിൽക്കുകയാണ്. സമൂഹത്തിന്റെ സമസ്ത മേഖലയിലും മയക്കുമരുന്ന് അതിന്റെ സ്വാധീനവലയം ഉറപ്പിച്ചിരിക്കുന്നു. പത്രവാർത്താ മാധ്യമങ്ങൾ ദൈനംദിനം ഞെട്ടിക്കുന്ന വാർത്തകൾ പ്രസിദ്ധീകരിക്കുന്നു. വിമാനത്താവളങ്ങൾ, മാർക്കറ്റുകൾ, തൊഴിൽശാലകൾ, ജയിലുകൾ, എന്തിനേറെ കലാശാലകൾ, പ്രൈമറി വിദ്യാലയങ്ങളിൽപ്പോലും മയക്ക്മരുന്ന് സുലഭമാണ്. ലഭ്യത സുലഭമാണ്. കേരളീയ സമൂഹം ഒരു കാലത്ത് വിപത്തായി കണ്ടിരുന്ന മദ്യം വഴിമാറി അവിടെയെല്ലാം മയക്ക്മരുന്ന് അധീശക്തം നേടിയിരിക്കുന്നു. സ്വാതന്ത്ര്യാനന്തര ഭാരതം കണ്ട ഭീതിജനകവും ഞെട്ടിക്കുന്നതുമാണ് മയക്കുമരുന്നിന്റെ അതിപ്രസരം. ഒരു കാലത്ത് മദ്ധ്യവയ്സ്കരിൽ മാത്രം കണ്ടുവന്നിരുന്ന മദ്യാസക്തി പിന്നീട് യുവാക്കന്മാരിലേക്കും കൗമാരപ്രായക്കാരിലേക്കും വ്യാപിച്ചു. അതിന് നമ്മുടെ രാജ്യത്തെ ഗവൺമെന്റുകളുടെ മദ്യനയം ഒരു കാരണം ആയിട്ടുണ്ട്. എന്നാൽ ഇന്ന് പ്രൈമറി സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ മയക്കുമരുന്ന് ഉപയോഗ്ക്താക്കളും അതിന്റെ വാഹകരും, വില്പനക്കാരുമായിരിക്കുന്നു എന്ന് പറഞ്ഞാൽ ഒട്ടും അതിശയോക്തിയില്ല! പെൺകുട്ടികളിലും, യുവതികളിലും മദ്യമയക്കുമരുന്ന് ഉപയോഗം വളരെ വിരളമായിരുന്ന ഒരു കാലം നമുക്ക് പിൻപിൽ ഉണ്ടായിരുന്നു. എങ്കിൽ ഇപ്പോൾ പെൺകുട്ടികളും യുവതികളും ഈ റാക്കറ്റിലെ വലിയ കണ്ണികളാണ്. ആയിരത്തൊള്ളായിരത്തി എഴുപതുകളിൽ നമ്മുടെ സമൂഹം തിരിച്ചറിഞ്ഞിരുന്ന മയക്ക്മരുന്ന് ഒരു പക്ഷെ കഞ്ചാവ് മാത്രമായിരുന്നു. ഇന്ന് ആധുനിക കാലത്ത് നാം കേട്ടിട്ടില്ലാത്ത മയക്ക് മരുന്നുകളുടെ വിഹാരരംഗമായി കേരളം. ചരസ്, തുടങ്ങി എം.ഡി.എം.എ, സ്റ്റാമ്പ് അങ്ങനെ എത്ര തരം!! ഇവയുടെ ഉപയോഗം പ്രഥമ ദൃഷ്ട്യാ മനുഷ്യന് കണ്ടെത്താൻ പ്രയാസമാണ്. എന്നാൽ ക്രമേണ ഇതിന്റെ ചേഷ്ടകൾ കാണിച്ച് കുട്ടികൾ അക്രമാസക്തരും, കലാപകാരികളുമായി മാറുന്നു. സ്നേഹം എന്ന വികാരം നിഷേധിക്കപ്പെടുമ്പോൾ എല്ലാത്തിനേയും നശിപ്പിക്കാൻ തയ്യാറെടുക്കുകയാണ് മനുഷ്യൻ. പിന്നീട് എന്താണ് സംഭവിക്കുന്നത് എന്ന് പ്രവചിക്കാൻ ആർക്കും കഴിയില്ല!

യുവജനതയുടെ കൂട്ടായ്മകൾ മയക്കുമരുന്നിന്റെ ഉപഭോഗ സംസ്ക്കാരത്തിലധിഷ്ഠിതമാണ് അവിടെ ലിംഗവ്യത്യാസം ഇല്ല. സാമൂഹിക മറകൾ ഇല്ല; ആദ്ധ്യാത്മീകതയുടെ പരിശുദ്ധിയില്ല. ആണ് ആണോടും പെൺ പെണ്ണോടും അവലക്ഷണം കാട്ടുന്നു. കന്യാകത്വം, ജീവിത വിശുദ്ധി, വിവാഹേതര ജീവിത പ്രമാണങ്ങൾ ഇവയുടെ സീമകൾ ലംഘിച്ച്, ജീവിതം അർമാദിക്കുകയാണ്. എന്താണ് ഇതിന്റെ അവസാനം ? മയക്ക്മരുന്നിന്റെ ലഭ്യതക്കുറവ് ശാരീരിക മാനസിക പ്രശ്നങ്ങൾ ആളുകളിൽ സൃഷ്ടിക്കുന്നു. ഇത് വ്യക്തികളിൽ, കുടുംബങ്ങളിൽ, വിദ്യാലയങ്ങളിൽ, സഭകളിൽ, രാഷ്ട്രത്തിന്റെ ഒക്കെ വലിയ സാമൂഹിക വിപത്തായിമാറുന്നു. മക്കളെ ശാസിച്ച് ശിക്ഷിക്കാൻ കഴിയാത്ത മാതാപിതാക്കൾ, വിദ്യാർത്ഥികളെ അനുസരിപ്പിക്കാൻ കഴിയാത്ത അദ്ധ്യാപകർ, ഉപദേശിക്കുവാൻ കഴിയാത്ത പൗരോഹിത്യം, നിയന്ത്രിക്കാൻ കഴിയാത്ത ഭരണാധികാരികൾ, ഇത് എല്ലാം സമൂഹത്തിന്റെ നിസ്സഹായതയുടെ നേർകാഴ്ചകൾ മാത്രം ആണ്!

ഇത്തരം സാമൂഹിക അധഃപതനത്തിന്റെ കാലഘട്ടത്തിൽ ആണ് ആദ്ധ്യാത്മീകതയുടെ പ്രസക്തി. ജീവനും വിശുദ്ധിയും സമന്വയിപ്പിച്ച് പുതിയ സൃഷ്ടിയുടെ കർമ്മമണ്ഡലമാണ് ആത്മീയത. യേശുക്രിസ്തുവിന്റെ സന്ദേശങ്ങൾ ഇത്തരം പുതിയസൃഷ്ടിക്ക് നിദാനമാണ്. മദ്യമയക്കുമരുന്നാസക്തിയും തന്മൂലമുള്ള ജീർണ്ണിച്ച ജീവിതത്തിനും കാരണം മനുഷ്യനിലെ പാപമാണ്. പാപ പങ്കിലമായ മനുഷ്യനെ പാപത്തിന്റെ സ്വാധീനത്തിൽ നിന്ന് രക്ഷിച്ച് ഒരു പുതുസൃഷ്ടിയാക്കുന്ന പക്രിയയാണ് യേശുക്രിസ്തു ചെയ്യുന്നത്. ഈ കാര്യം പാപിയായ മനുഷ്യനോട് പറയാൻ അഥവാ പങ്ക് വയ്ക്കാൻ മനുഷ്യനെ തന്നെയാണ് ദൈവം ഏൽപ്പിച്ചിരിക്കുന്നത്. ഇത് പറയുന്ന കാര്യത്തിൽ മനുഷ്യൻ പരാജയപ്പെട്ടു. അതാണ് ഇന്നത്തെ മൂല്യച്ച്യുതിക്ക് കാരണം. നമ്മുടെ സമൂഹവും പിൻതലമുറയൊക്കെയും ഇതിനെല്ലാം അതീതരാണെന്ന മിഥ്യാധാരണ എങ്ങനെയോ നമ്മുടെ ഇടയിൽ പരന്നിരിക്കുന്നു. ഇത് വളരെ തെറ്റിദ്ധാരണാജനകമായ കാര്യമാണ്. ബ്രദറൺ സഭകൾ ഈ കാര്യത്തിൽ മുൻകൈ എടുക്കുകയും, സൺഡേ സ്കൂളിൽ ബോധവത്ക്കരണ പരിപാടികൾ നടത്തുകയും വേണം. അല്ലാത്ത പക്ഷം അനാരോഗ്യരും, അധാർമ്മികരും, അധമരും, അധോലോകബന്ധമുള്ളവരുമായി നമ്മുടെ തലമുറമാറും. പഴമക്കാർപ്പറയുന്ന ചൊല്ലുപോലെ, “അടയ്ക്കാ മടിയിൽ വയ്ക്കാം, അടയ്ക്കാമരമോ?” ബൈബിൾ പറയുന്നു. ‘ബാലൻ തന്റെ നടപ്പിനെ നിർമ്മലമാക്കുന്നത് എങ്ങനെ? നിന്റെ വചനപ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നെ”, ‘ഞാൻ നിന്നോട് പാപം ചെയ്യാതിരിക്കാൻ നിന്റെ വചനത്തെ എന്റെ ഉള്ളിൽ സംഗ്രഹിക്കുന്നു.” ഈ വചനം , വളരെ ചെറുപ്പത്തിൽ, അമ്മയുടെ മുലപ്പാലിനൊപ്പം പകരാനുള്ള ബാദ്ധ്യത മാതാപിതാക്കൾക്ക് ഉണ്ട്. പിന്നീട് ആ ഉത്തരവാദിത്വം പ്രാദേശിക സഭകൾക്കാണ്. സൺഡേ സ്കൂൾ എന്ന കളരിയുടെ പ്രാധാന്യം ഇന്ന് വളരെകുറഞ്ഞിരിക്കുന്നു. ആ അഭ്യസനത്തിന്റെ അടിത്തറ മറ്റൊന്നിനും നൽകാൻ കഴിയില്ല. നമ്മുടെ സഭകളുടെ ആത്മീയ നേതൃത്വം സടകുടഞ്ഞ് എഴുന്നേൽക്കണം. കർത്താവ് വരുമ്പോൾ ആടുകളെക്കുറിച്ചുള്ള തരംതിരിച്ച കണക്ക് ഏല്പിക്കാൻ മൂപ്പന്മാർ ബാദ്ധ്യസ്ഥരാണ്. കർത്താവ് ചോദിക്കും, ‘നീ എന്ത് ചെയ്തു.?

## ▶▶1 വിശ്വാസി; നിത്യത

ഉൽപ്രാപണമായ മേഘപ്രത്യക്ഷതയെക്കുറിച്ച് പരാമർശങ്ങളില്ല. കാരണം പഴയ നിയമത്തിൽ വീണ്ടെടുക്കപ്പെട്ടവരുടെ കൂട്ടമായ സഭയില്ല. കൃപായുഗത്തിലാണ് സഭയുണ്ടാകുന്നത്. സഭയുടെ രൂപീകരണ പ്രവർത്തനം മേഘപ്രത്യക്ഷതയിൽ അവസാനിക്കും. 1 കൊരി: 15:4,5,6 വാക്യങ്ങളിൽ ശരീരത്തോടുകൂടിയാണ് യേശുക്രിസ്തു ഉദ്ധിതനായത് എന്ന് കാണുന്നു. അപ്പോ: 1:3,4 യേശു ജീവിക്കുന്നു എന്ന് കാണിച്ച് തെളിയിച്ചു. ലൂക്കോസിന്റെ സുവിശേഷത്തിൽ പറയുന്നതുപോലെ അവർ കാൺകെ മേഘം വന്ന് അവനെ മൂടി, അവനെ കാഴ്ചയ്ക്ക് മറഞ്ഞു. ആയതിനാൽ തേജസ്സ്ക്കരിക്കപ്പെട്ട ജഡശരീരത്തോട് മേഘപ്രത്യക്ഷതയിൽ യേശുക്രിസ്തു പ്രത്യക്ഷനാകും.

ജാതികളുടെ ഭരണം അഥവാ കാലം യേശുക്രിസ്തുവിന്റെ മഹത്വപ്രത്യക്ഷതയോടെ അവസാനിക്കും. ദൈവരാജ്യസ്ഥാപനത്തിനായി യേശു വരും. ആയിരമാണ്ട് വാഴ്ച്ചയ്ക്ക് വരുന്നതും വെളി: 20:1-6 ദേഹസഹിതനായിട്ടായിരിക്കും. അവന്റെ രാജത്വം നിത്യ രാജത്വമായിരിക്കും (ദാനി:7-27). വിശുദ്ധന്മാർ രാജത്വം പ്രാപിക്കും (ദാനി:7-18). പുതിയ ആകാശവും പുതിയ ഭൂമിയും നാം കാണം (വെളി: 21) ഇവിടെയെല്ലാം യേശു കർത്താവിനെ നമുക്ക് ശരീരത്തിന്റെ മഹത്വത്തോടെ കാണാം. വെളി: 22:3-ൽ അവന്റെ ദാസൻമാർ അവന്റെ മുഖം കാണും കാണം എന്ന് തന്നെ എഴുതിയിരിക്കുന്നു. എബ്രാ: 12:27,28 വാക്യങ്ങളിൽ, ഇളക്കമില്ലാത്തതും നിലനിൽക്കുന്നതുമായ രാജ്യം പ്രാപിക്കാൻ നന്ദിയോടും ഭക്തിയോടും കൂടെ നാം ദൈവത്തിന് സേവ ചെയ്യണമെന്ന ഗൗരവപൂർണ്ണമായ താക്കീതോടെ പ്രസംഗത്തിന് വിരാമമിട്ടു. പ്രശസ്ത എഴുത്തുകാരൻ എഡ്വേഡ് യോനാഥാൻ പറഞ്ഞ ഒരു ഉദ്ധരണി അദ്ദേഹം ആവർത്തിച്ചു. “ഓരോ വിശ്വാസിയുടേയും കണ്ണിൽ നിത്യത മുദ്രണം ചെയ്യണം”. ആ കണ്ണിലൂടെ നമുക്ക് സർവ്വവും കാണുവാൻ കഴിയട്ടെ.

ക്രിസ്തീയ ദർശനം
CHRISTHEEYA DARSANAM

**എഡിറ്റർ & പബ്ലീഷർ** :
സജി ജോൺ – 9562642509
**എഡിറ്റോറിയൽ ബോർഡ്**
ചാണ്ടപ്പിള്ള ഫിലിപ്പ്
ഇ.എസ്. റെജി
സജീവ് വർഗീസ്
കെ.എസ്. ജോസഫ്
വി.എം. പോൾ
ബിജോയ് തുടിയൻ
സാമുവേൽ ജോൺ
ജിജു ജോർജ്ജ്
പി.എം. സാമുവേൽ
പോൾ പി. സ്കറിയ
സാം ഫിലിപ്പ്
ജെയിംസ് കെ. ചെറിയാൻ
ഷോൺ സാജൻ ഫിലിപ്പ്സ്
അനീഷ് സി.ആർ

**സർക്കുലേഷൻ മാനേജർ**
ജോയൻ സജി ജോൺ
**മാനേജിംഗ് എഡിറ്റർ** :
ജെഫിൻ സജി ജോൺസ്
9446400331
**വിദേശ പ്രതിനിധികൾ**
റോജി വർഗീസ്, ഡാളസ്
ഹാൻലി തോമസ്, അബുദബി
എം.ഒ.മോഹൻ, യു.എസ്.എ
ബിജു മാത്യു, കാനഡ
ലാൻസി സാമുവേൽ, അയർലന്റ്
തോംസൺഡാനിയേൽജോൺ,ദോഹ
ജെൻ സജി ജോൺസ്, യു.കെ
ബഞ്ചമിൻ ജോർജ്ജ്, യു.എസ്.എ
ജേക്കബ് ജോർജ്ജ്, യു.എ.ഇ
സജി തോമസ്, കുവൈറ്റ്
ജയ്സൺ. പി. ഏബ്രഹാം, ദോഹ
ഗ്ലാഡ്ലി ജോസഫ്, ദോഹ

ലേഖനം അയയ്ക്കേണ്ട വിലാസം
**Saji John Varickamakkal**
Christheeyadarsanam,
Kariamplave P.O., 689615,
Ph: 9562642509
email: cdranni2020@gmail.com
വരിസംഖ്യ & സംഭാവന
South Indian Bank, Ranni
A/c. No. 0322053000008302
IFSC Code : SIBL0000322
Saji John
Scan to pay with any UPI app

# സ്വർഗ്ഗീയ ജീവിതത്തിന്റെ ധന്യത



റെജി ഇട്ടിമൂട്ടിൽ

**ദൈ**വത്തിന്റെ ഇഷ്ടം സമ്പൂർണ്ണമായി നടക്കുന്ന മനോഹരമായ സ്ഥലമായിരിക്കും സ്വർഗ്ഗീയ സീയോൻ. നമുക്കവിടെ ലഭിക്കുന്ന ജീവിതത്തിന്റെ ധന്യത വിവരിക്കുവാൻ അസാദ്ധ്യമാണ്. ജീവിതാനുഭവങ്ങളുടെ അനർഗ്ഗള പ്രവാഹം!

### 1. കൂട്ടായ്മജീവിതം -Life of fellowship (വെളി.21:3)

പാപമാണ് ദൈവത്തേയും മനുഷ്യരെയും തമ്മിലകറ്റിയത്. ഏദെൻ ഉദ്യാനത്തിൽ ദൈവവും മനുഷ്യനും തമ്മിലുള്ള മധുരതരമായ കൂട്ടായ്മ നഷ്ടമായി. മനുഷ്യൻ ദൈവത്തിന്റെ ശത്രുക്കളായി. എന്നാൽ കാൽവറിയിൽ സാദ്ധ്യമായ പാപപരിഹാരം നിമിത്തം ഇതാ മനുഷ്യരോടുകൂടെ ദൈവം വസിക്കുന്നു. ദൈവവും മനുഷ്യരും ദൂതസംഘവും ഒന്നിച്ച് ഒരു കൂടാരത്തിൽ വസിക്കുന്നത് കൂട്ടായ്മയുടെ പൂർണ്ണാവസ്ഥയാണ്.

### 2. വിശുദ്ധജീവിതം Life of Holiness (വെളി.21:27)

“കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ എഴുതിയിരിക്കുന്നവരല്ലാതെ അശുദ്ധമായത് യാതൊന്നും, മ്ലേച്ഛതയും ഭോഷ്ക്കും പ്രവർത്തിക്കുന്നവൻ ആരും അതിൽ കടക്കയില്ല.” മനുഷ്യനെ പാപത്തിനായി പ്രലോഭിപ്പിക്കുന്ന സാത്താനും ഇനിയവിടെയില്ല. ദൈവത്തിനൊത്ത പവിത്രമായ ജീവിതം.

### 3. ആരാധനയുടെ ജീവിതം Life of worship (വെളി.22:3)

“ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഇരിക്കും അവന്റെ



ദാസന്മാർ അവനെ ആരാധിക്കും.” നിത്യം ആരാധനനടക്കുന്ന സ്ഥലമായിരിക്കും പുതിയ യെരുശലേം. പൂർണ്ണഹൃദയത്തോടും പൂർണ്ണ ശക്തിയോടും, പൂർണ്ണമനസ്സോടും കൂടെ ആരാധിക്കുന്ന രംഗം. സർവ്വ വിശുദ്ധരും ത്രിയേക ദൈവത്തെ ഇടതടവില്ലാതെ ആരാധിച്ചുകൊണ്ടിരിക്കും.

### 4. സന്തോഷ ജീവിതം Life of happiness (വെളി.21:4-7)

മനുഷ്യനെ ദുഃഖിപ്പിക്കുന്ന ഒന്നും അവിടെയില്ല നിത്യ സന്തോഷം അവരുടെ തലമേൽ ഉദിക്കുന്ന നിത്യകാലം. പ്രശാന്തമായ സ്വർഗ്ഗീയാന്തരീക്ഷത്തിൽ പ്രസന്നമായിരിക്കും നമ്മുടെ വദനം.

ധ്യാനം

# അടിമത്വത്തിൽ നിന്ന് അഴിയാത്തവകാശത്തിലേക്ക്



ജെഫിൻ സജി ജോൺസ്

*“ഫറവോന് ഞാനിനി അടിമയല്ല*
*പരമസീയോനിൽ ഞാനന്യനല്ല*
*മനോഹരമായ കനാൻദേശമേ*
*അതേ! എനിക്കഴിയാത്തൊരവകാശമേ”*

ബ്രദറൺ വിശ്വാസ സമൂഹത്തിന് ഏറെ പ്രിയപ്പെട്ട ഗാനങ്ങൾ സമ്മാനിച്ച ഭക്തകവി എം.ഇ.സി.യുടെ ഒരു പാട്ടിലെ ഒരു ശകലമാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. യിസ്രയേൽ ജനതെയെ മിസ്രയീമിൽ അടിമയാക്കി വെച്ച ഫറവോനിൽ നിന്ന് വിടുവിക്കപ്പെട്ടതിന്റെ ഓർമ്മച്ചെപ്പ് തുറന്ന് പുതിയ നിയമയിസ്രായേലിന്റെ ഭാഗമായി മാറിയ ചെറിയാൻ സാർ, പരമസീയോനിൽ തനിക്കുള്ള അവകാശ ത്തെക്കുറിച്ച് പാടുകയാണ്.

കനാൻ ദേശം എങ്ങനെയാണോ യിസ്രയേലിന്റെ അവകാശമായിയിരിക്കുന്നത് അതുപോലെ ഒരിക്കലും അഴിയാത്ത അവകാശമാണ് സീയോനിൽ നമുക്ക് ഉള്ളത്. ആ വരികൾ തുടരുമ്പോൾ കവി ഇങ്ങനെയും കൂടെ പാടുന്നുണ്ട്.

*എന്റെ ബലവും എന്റെ സംഗീതവും*
*എന്റെ രക്ഷയും യേശുവത്രേ ഹല്ലേലുയ്യാ”*

യേശുകർത്താവ് തനിക്ക് മാത്രമല്ല നമുക്ക് ആരായിരിക്കുന്നു എന്ന് എം.ഇ.സി. പാടുമ്പോൾ നമുക്ക് ഹല്ലേലുയ്യ എന്ന് പറയാതിരിക്കാൻ കഴിയുമോ? ബലഹീനതയിൽ ബലം, വിലാപത്തിൽ സംഗീതം, മരണത്തിൽ രക്ഷ അതാണ് യേശു. ക്രിസ്തുവിൽക്കൂടി വെളിപ്പെടുത്തിയ ദൈവസ്നേഹം എപ്പോഴും തന്റെ പാട്ടുകളുടെ ഇതിവൃത്തമായിട്ടുണ്ട്.



*“ശ്രീയേശുനാഥ നിൻ സ്നേഹം*
*സ്വർഗ്ഗമോടി വെടിഞ്ഞു*
*എന്നേ തേടി ധരയിൽ വന്ന”*

അതാണ് തന്റെ കാഴ്ചപ്പാട്. സ്വർഗ്ഗത്തിലെ എല്ലാ ശ്രേഷ്ഠതകളും പദവികളും വെടിഞ്ഞ് കുപ്പയിൽ കിടന്ന എന്നേ തേടി വന്ന സ്നേഹം.

ആ പാട്ടിന്റെ ഒടുവിൽ അദ്ദേഹം ഇങ്ങനെ കോറിയിട്ടു.

“ഒടുവിലൊരിക്കൽ നിന്നരികിലണയും
ഞാനവിടെയും പാടും നിൻ
അതിശയസ്നേഹത്തെ ”

പ്രിയപ്പെട്ടവരെ ഈ വരികളിലൂടെ നാം സമർപ്പിതരായി സഞ്ചരിച്ചാൽ ആ സ്നേഹസമ്പന്നനായ കർത്താവിലഭയം പ്രാപിക്കാൻ കഴിയും. അതിന് ദൈവം നമ്മേ സഹായിക്കട്ടെ.

## ▶▶1 കോട്ടയം ബ്രദറൺ കൺവൻഷൻ....

വിഷയങ്ങൾ പ്രശംസനീയമായി തനിക്ക് ഉണ്ടായിരുന്നിട്ടും താൻ പറയുന്നു എന്റെ പ്രശംസാ വിഷയം ക്രൂശിക്ക പ്പെട്ടവനായ ക്രിസ്തുവാണ്.

***അപ്പോസ്തലനായ പൗലോസിനെ സംബന്ധിച്ച് യേശുവിന്റെ ക്രൂശ് പ്രസംഗവിഷയമാവാൻ 3 കാരണങ്ങൾ***

### 1 അവൻ ക്രൂശിൽ ശത്രുത്വം ഇല്ലാതാക്കി (എഫെ 2 : 16)

ഏദനിൽ മനുഷ്യൻ പാപം ചെയ്തു. പാപം മനുഷ്യനെ ദൈവത്തിന്റെ ശത്രുവാക്കി. പാപം മനുഷ്യനെ പിശാചിന്റെ മിത്രമാക്കി. പാപം മനുഷ്യനെ പിശാചിന്റെ മക്കളാക്കി. സർവ്വ ലോകവും ദൈവസന്നിധിയിൽ ശിക്ഷായോഗ്യമായി തീരേണ്ടതത്രേ എന്നു വായിക്കുന്നു. എന്നാൽ വിശുദ്ധിയുടെ വിളനിലമായ ഏദനിൽ അത്തിയില കൊണ്ട് നഗ്നത മറയ്ക്കാൻ ശ്രമിച്ച് ദൈവ സന്നിധിയിൽ നിന്ന് ഓടി ഒളിച്ച മനുഷ്യന്റെ അരികിലേക്ക് -മനുഷ്യാ നീ എവിടെ എന്ന് വിളിച്ച് അവന്റെ അരികിലേക്ക് വന്ന് അവനെ പിന്തുടരുന്ന ദൈവസ്നേഹം നാം കാണുന്നു. വേദപുസ്തകത്തിലെ ഒന്നാമത്തെ ചോദ്യവും അതുതന്നെയാണ്. ശിക്ഷാ യോഗ്യനായ മനുഷ്യന്റെ ശിക്ഷ മുഴുവൻ പിതാവായ ദൈവം തന്റെ പുത്രന്റെ മേൽ ചുമത്തി ക്രൂശിൽ ശത്രുത്വം ഇല്ലാതാക്കി പാപിയായ മനുഷ്യനെ ദൈവത്തോട് നിരപ്പിച്ചു. അതുകൊണ്ട് ക്രൂശ് പ്രസംഗ വിഷയ മായി.

### 2 അവൻ ക്രൂശിൽ സമാധാനം ഉണ്ടാക്കി. (കൊലൊ 1:19-20)

എഫെസ്യലേഖനം ഈ സമാധാനത്തെക്കുറിച്ച് പറയുന്നുണ്ട് എങ്കിലും ഈ സമാധാനം ഉണ്ടാക്കിയവന്റെ ശ്രേഷ്ടത വർണ്ണിക്കുന്നത് കൊലോസ്യ ലേഖനത്തിലാണ്. യേശുവിലെ വിശ്വാസത്താൽ നീതീകരണം വഴി നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട് എന്ന് റോമർ 5:1 ൽ വായിക്കുന്നു. ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി വസിച്ച ക്രിസ്തു സാക്ഷാൽ ദൈവം ആയിരുന്നു. ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോട് കൂടെ ഉണ്ടായിരുന്നു. വചനം ദൈവം ആയിരുന്നു. “ഒരു ദൈവം ആയിരുന്നില്ല”(യോഹ 1:1) അവൻ സത്യദൈവവും നിത്യജീവനും (1 യോഹ 5:20), അവൻ സർവ്വത്തിനും മീതെ ദൈവമായി എന്നന്നേയ്ക്കും വാഴ്ത്തപ്പെട്ടവൻ ആമേൻ (റോമർ 9:5) ആമേൻ എന്നു പറഞ്ഞാൽ അങ്ങനെതന്നെ. അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തം കൊണ്ട് സമാധാനം ഉണ്ടാക്കി. പഴയനിയമത്തിലെ സുവിശേഷം എന്നറിയപ്പെടുന്ന യെശയുടെ പ്രവചനം 53-ാം അദ്ധ്യായത്തിൽ “നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി” ആ ദൈവസമാധാനം നമ്മുടെ ഹൃദയങ്ങളിൽ വസിക്കുന്നു. അതുകൊണ്ട് ക്രൂശ് പ്രശംസാ വിഷയം ആയി.

### 3 അവൻ ക്രൂശിൽ പിശാചിന്റെ മേൽ ജയോത്സവം കൊണ്ടാടി (കൊലെ 2:14-15)

ഏദനിൽ സർപ്പം ഉപായത്താൽ ചതിച്ചു. (2 കൊരി. 11 : 3) ഇന്നും പിശാച് മനുഷ്യനെ വഞ്ചിച്ചും, ചതിച്ചും അവന്റെ ജൈത്രയാത്ര തുടരുന്നു. എന്നാൽ ഭാവിയിൽ വെളിപാട് 20 :10 ൽ പറയുന്നതുപോലെ ഒരു ദയനീയമായ അന്ത്യം ഉണ്ട് എന്നുള്ളത് മനുഷ്യൻ അറിയരുത് എന്ന് പിശാച് ആഗ്രഹിക്കുന്നു. അതുകൊണ്ട് തന്നെ സാധാരണ ആളുകൾ വെളിപ്പാടു പുസ്തകം വായിക്കാൻ ഭയപ്പെടുന്നു. മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവ പര്യന്തം മരണ ഭീതിയിൽ അടിമകളായിരുന്നവരെ വിടുവിച്ചു. (എബ്ര 2:14-15)

വിശ്വസിക്കുന്നവർക്കുവേണ്ടി ദൈവം അവനെ പരസ്യമായി നിർത്തി. റോമർ 3:25). പാപിയായ മനുഷ്യനുവേണ്ടിയുള്ള ദൈവത്തിന്റെ ഏക രക്ഷാമാർഗ്ഗമാണ് ഈ ക്രൂശ്. മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനെയും ഉയർത്തേണ്ടതാകുന്നു. (യോഹ 3:14-15) അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ട്. ക്രൂശിലെ കള്ളനുപോലും പറുദീസ ലഭിച്ചത് അവന്റെ വിശ്വാസവും, അനുതാപവും, ഏറ്റുപറച്ചിലും കൊണ്ടാണ്. ഇന്നും കർത്താവ് പാപം ക്ഷമിച്ചു തരുന്നവനാണ്. എന്നാൽ സുവിശേഷം അനുസരിക്കാത്തവർ കർത്താന്റെ സാന്നിദ്ധ്യവും അവന്റെ വല്ലഭത്വത്തോടു കൂടിയ മഹത്വവും വിട്ടകന്ന് നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും. (2 തെസ്സാ 1 : 10). ക്രൂശ് മുഖാന്തിരമുള്ള രക്ഷ സ്വീകരിച്ച് ക്രൂശിൽ പ്രശംസിക്കുന്നവരായിരിപ്പാൻ കർത്താവ് എല്ലാവരേയും സഹായിക്കട്ടെ ആമേൻ.

ക്രിസ്തീയ ദർശനം

# കുരുന്നുകളുടെ കരുത്തനായ കവി
# എം. ഇ. സി.
# സുവിശേഷ രണാങ്കണത്തിലേക്ക്





ബിജോയ് തുടിയൻ

ക്രിസ്തീയ മാതാപിതാക്കളുടെ പരിപാലനം ചെറുപ്പം മുതലേ നമ്മുടെ കഥാനായകനും ലഭിച്ചിരുന്നുവെന്നു നാം കണ്ടു. അദ്ദേഹം തന്നെ പറഞ്ഞിട്ടുള്ളതും "ഞാൻ ജന്മനാ ഒരു ബ്രദറൻകാരൻ" എന്നത്രേ. തന്റെ വല്യപ്പച്ചൻ താന്നിയ്ക്കൽപുറത്തൂട്ട് മത്തായിച്ചനാണ് വേർപാട് ഉപദേശത്തിലേക്ക് വന്നത്. വീട്ടുകാരിൽനിന്നും, നാട്ടുകാരിൽനിന്നും വലിയ എതിർപ്പിനെ താൻ അഭിമുഖീകരിച്ചു എന്നു വരികിലും വിശ്വാസത്തിൽ താന്നിയ്ക്കൽ പുറത്തൂട്ട് മത്തായിച്ചൻ ഉറച്ചുനിന്നു; തന്റെ മൂത്തപുത്രൻ കുഞ്ഞച്ചനെ സുവിശേഷവേലയ്ക്കുവേണ്ടി സമർപ്പിക്കുകയും ചെയ്തു. അങ്ങനെ കുഞ്ഞച്ചൻ ഉപദേശിയുടെ മൂത്ത പുത്രനായ നമ്മുടെ കഥാപുരുഷനു ഭവനത്തിൽ തികഞ്ഞ ഒരു ആത്മീക ചുറ്റുപാടും ലഭിച്ചിരുന്നു. സണ്ടേസ്ക്കൂളിൽ പൊയ്ക്കൊണ്ടിരുന്നു. അക്ഷരാഭ്യാസം ലഭിച്ചതിനു ശേഷം ഈ ബാലൻ ആദ്യം വായിച്ചു തീർത്തതും വേദപുസ്തകമായിരുന്നു. ഒൻപതാമത്തെ വയസ്സിൽ രക്ഷിക്കപ്പെട്ട നാൾ മുതൽ സുവിശേഷം അറിയിക്കുന്നതിനുള്ള താല്പര്യമായിരുന്നു തനിക്കുണ്ടായിരുന്നത്. വിദ്യാർത്ഥിയായിരുന്ന നാളുകളിൽ പ്രാർത്ഥനാ ഗ്രൂപ്പുകൾ നടത്തിയിരുന്നു. പ്രത്യേക യോഗങ്ങൾക്കു അടുത്തുള്ള സഭകളിലെല്ലാം പിതാവിനോടു കൂടെ താനും പോകുക പതിവായിരുന്നു. അനുഭവസാക്ഷ്യവും ലഘു പ്രബോധനവും ചെയ്യുന്നതിനും താൻ മടിച്ചിരുന്നില്ല. സണ്ടേസ്ക്കൂളിലെ അദ്ധ്യാപകനായിട്ടും താൻ ശുശ്രൂഷ ചെയ്തു പോന്നു. കൊച്ചുസാറിനും ഏറ്റവും ഇഷ്ടമുള്ള ജോലിയായിരുന്നു അദ്ധ്യാപകജോലി. ആ ജോലിയിൽ താൻ ഏറ്റവും ശോഭിയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ ഉള്ളിന്റെ ഉള്ളിൽ കിടന്നിരുന്ന താല്പര്യം സുവിശേഷയ്ക്കു വേണ്ടി തന്നെ സമർപ്പിക്കണം എന്നുള്ളതായിരുന്നു. വേലയ്ക്ക് ഇറങ്ങണം. വേലയ്ക്കിറങ്ങണം, സുവിശേഷവേലയ്ക്കു വേണ്ടി തന്നെ സമർപ്പിക്കണം

### ലക്ഷ്യത്തിൽ എത്താത്ത യാത്ര

കങ്ങഴ സ്കൂളിൽ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ വേലയ്ക്കിറങ്ങണമെന്നുള്ള ആവേശം നമ്മുടെ കഥാനായകനിൽ നിറഞ്ഞുകവിഞ്ഞിരുന്നു. ചെറിയാൻ സാർ അനുഭവസാക്ഷ്യത്തിൽ ഒരു സംഭവം പറയുക പതിവായിരുന്നു. കങ്ങഴ ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ ജോലി രാജിവെച്ച് സുവിശേഷ വേലയ്ക്കുവേണ്ടി ഇറങ്ങുവാൻ തീരുമാനിച്ചു. അതും ഒരു വ്യാഴാഴ്ചയായിരുന്നു. കൊച്ചുസാർ ഒരു ദിവസത്തെ അവധി യെടുത്തു വീട്ടിൽ പോകുവാൻ തീരുമാനിച്ചു. വീട്ടിൽ ചെന്നതിനുശേഷം രാജിക്കത്ത് സ്ക്കൂൾ മാനേജർക്കും അയച്ചുകൊടുക്കുന്നതിനായിരുന്നു നമ്മുടെ കഥാനായകൻ തീരുമാനം. ചെറിയാൻസാർ തന്റെ പെട്ടിയുമെടുത്തും കുറിയന്നൂർക്കും യാത്രയായി. കങ്ങഴ നിന്നും ഈ പെട്ടിയുമെടുത്തു അദ്ദേഹം നടന്നായിരുന്നു കുറിയന്നൂർക്ക് യാത്ര ചെയ്തത്. യാത്രയുടെ ആരംഭത്തിൽ വലിയ ഉത്സാഹം. എവിടെ, എങ്ങനെയൊക്കെ സുവിശേഷവേല ചെയ്യണം ഇതൊക്കെയായിരുന്നു തന്റെ മനസ്സിൽക്കൂടെ കടന്നു പോയ ചിന്തകൾ, പല പദ്ധതികൾ തന്റെ മനസ്സിൽ താൻ ആവിഷ്കരിച്ചു കൊണ്ടും യാത്ര ചെയ്തു. എന്നാൽ വീടും അടുക്കുന്തോറും തന്റെ ഉത്സാഹമെല്ലാം കുറയുന്ന തായി തനിക്കു തോന്നി. എന്തിനും വീട്ടിൽ എത്തിയപ്പോൾ സുവിശേഷവേലയ്ക്കു ഉടനെ വേർതിരിയുന്നില്ല എന്നുതന്നെ തീരുമാനിച്ചു. മകനെ കണ്ടും പിതാവും ചോദിച്ചു: "എന്താ ഈ ആഴ്ച നേരത്തെ ഇങ്ങു പോന്നതു." "അപ്പച്ചനേയും അമ്മച്ചിയേയും കാണുന്നതിനാണ്". ഒരു ചെറിയ കള്ളം പറഞ്ഞു. ചെറിയാൻ സാർ ചിന്തിച്ചു. കർത്താവിന്റെ വേലയ്ക്കുവേണ്ടി ഉടനെ പോകുന്നില്ല എങ്കിൽ എന്തിനും വീട്ടിൽ വെറുതെ ഇരിക്കണം. പിറ്റേ ദിവസം രാവിലെ തന്നെ കൊണ്ടുവന്ന പെട്ടിയുമെടുത്തു കങ്ങഴ സ്ക്കൂളിലേക്ക് തിരിച്ച് യാത്രയായി. മകന് എന്തുപറ്റി എന്നു മാതാപിതാക്കൾക്കും പരിഭ്രമവും. നമ്മുടെ കഥാനായകൻ തന്റെ ഹൃദയത്തിൽ ഇങ്ങനെ തീരുമാനിച്ചു. നിന്റെ വേലയ്ക്കുവേണ്ടി ഞാൻ ഇറങ്ങിയതാണ്. എന്നാൽ ഇനിയും നീ എന്നെ പിടിച്ചിറക്കാതെ സുവിശേഷവേലയ്ക്ക് ഇറങ്ങുകയില്ല."

### ദൈവവിളി

നമ്മുടെ കഥാനായകൻ പിന്നീടും ഏഴു വർഷക്കാലം അദ്ധ്യാപകജോലി ചെയ്തു എന്നുള്ളതാണ് വാസ്തവം. കാലയളവിൽ സുവിശേഷവേലയ്ക്കു വേണ്ടിയുള്ള ആഗ്രഹം തന്നിൽ ജ്വലിച്ചു. അതിന്റെ ഫലമായിട്ടാണു വൈ.എം.ഇ.എഫ്. പ്രസ്ഥാനം ഉടലെടുത്തതും. "മകനെ നീ എന്റെ വേലയ്ക്കു വേണ്ടി ഇറങ്ങുവാനുള്ള സമയമായി, സമയമായി" എന്നുള്ള വിളി തന്റെ കാതുകളിൽ മുഴങ്ങിക്കൊണ്ടിരുന്നു. അന്നു കുമ്പനാടും കൺവൻഷൻ നടന്നു കൊണ്ടിരിക്കുകയായിരുന്നു. മഹാകവി കെ.വി.സൈമൺ ആയിരുന്നു സമാപനസമ്മേളനത്തിൽ പ്രസംഗിച്ചത്. അതു ഞായറാഴ്ച ഉച്ചതിരിഞ്ഞുള്ള സന്ദർഭത്തിലായിരുന്നു. നമ്മുടെ കൊച്ചുസാർ ഏറ്റവും മുൻ വശത്താണു ഇരുന്നിരുന്നതും. യുവാക്കൻമാർ സുവിശേഷവേലയ്ക്കുവേണ്ടി ഇറങ്ങേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ശക്തിയായി താൻ പ്രസംഗിച്ചുകൊണ്ടിരുന്നു. പെട്ടെന്ന് ചെറിയാൻ സാറിനെ നോക്കിക്കൊണ്ടും സൈമൺ സാർ ഇങ്ങനെ പറഞ്ഞു:

ഇരിക്കുന്ന കൊച്ചുസാർ കർത്താവിന്റെ വേലയ്ക്കുവേണ്ടി ഇറങ്ങുകയാണെങ്കിൽ കർത്താവു തന്നെ നടത്തുകയില്ലേ. നമ്മുടെ കൊച്ചുസാറിന്റെ എല്ലാ സംശയങ്ങളും മാറി. കർത്താവു തന്നെ തന്റെ മഹത്വമാർന്ന വേലയ്ക്കും വിളിച്ചിരിക്കുന്നു എന്നുള്ള പൂർണ്ണബോധ്യം തനിക്കു ലഭിച്ചു.

### രാജി വെയ്ക്കുന്നു

ഞായറാഴ്ച വെല്ലുവിളി തന്റെ മുൻപിൽ ആ തിങ്കളാഴ്ച തന്നെ സഹധർമ്മിണിയോടുപോലും ചോദിക്കാതെ സുവിശേഷ പോർക്കളത്തിൽ ഇറങ്ങുന്നതിനു വേണ്ടി രാജി നമ്മുടെ കഥാനായകൻ രാജി സമർപ്പിച്ചു. പുനഃപരിശോധന ചെയ്യണമെന്ന് ഹെഡ്മാസ്റ്റർ തന്റെ ആഗ്രഹം പ്രകടമാക്കി. 1943 ഒക്ടോബറിലായിരുന്നു ഈ ചരിത്ര സംഭവം.


കേരളത്തിനു വെളിയിൽ ടെമ്പിൾ സിറ്റി എന്ന് അറിയപ്പെട്ടിരുന്ന മധുരയിൽ പോയി സുവിശേഷവേല ചെയ്യണമെന്നുള്ളതായിരുന്നു സാറിന്റെ തീരുമാനം. രണ്ടാം ലോകമഹായുദ്ധം കലശലായി നടക്കുന്ന കാലഘട്ടം, എവിടെയും ഭക്ഷണക്ഷാമം, ജോലി കിട്ടുവാൻ പ്രയാസം. അപ്പോൾ ഉള്ള ജോലി ഉപേക്ഷിക്കുകയെന്നോ ആളുകൾക്കും ചിന്തിക്കുക പ്രയാസം. മൂത്ത മകൻ, ഇളയവരെല്ലാം പഠിക്കുന്നു. പിതാവ് ഉപദേശി ഇളയവർക്ക് താങ്ങായിരിക്കേണ്ടത് മൂത്ത സഹോദരനായ നമ്മുടെ കഥാനായകനായിരുന്നു. രാജി വെച്ച് ചെന്നപ്പോൾ ഇനിയും വീട്ടിലെ കാര്യങ്ങളൊക്കെ എങ്ങനെ നടക്കും എന്നുള്ള ചിന്തയും ഭാരവും തന്റെ പ്രിയ മാതാവിനുണ്ടായി. ? മകനെ ആർ സഹായിക്കും മകന്റെ കാര്യങ്ങളെല്ലാം എങ്ങനെ നടക്കുമെന്നുള്ള ഭാരവും ഈ മാതാവിനുണ്ടായിരുന്നു. "അമ്മച്ചി വളരെ കരഞ്ഞു" എന്നു ചെറിയാൻ സാർ തന്നെ അനുഭവസാക്ഷ്യത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. "കർത്താവും അവനെ നടത്തും" എന്നു പറഞ്ഞു പിതാവും മാതാവിനെ ആശ്വസിപ്പിച്ചു. കർത്താവും എത്ര വിശ്വസ്തൻ, അൻപതു ദീർഘവർഷങ്ങൾ കർത്താവും ചെറിയാൻ സാറിനെ കൈ പിടിച്ചു നടത്തി.

(തുടരും)

## നിത്യതയിൽ


ബേബി എം. മത്തായി



ബെന്നി തോമസ്


ബിനുമോൻ കോശി



ജോണി



ജോസ് ലാൽ എം.


ജോയ് പി.എസ് പഴഞ്ഞി


ഫിലിപ്പ് വർഗീസ് അങ്കമാലി



പൗലോസ് വി.വി ഊരമന


റ്റി.റ്റി.നൈനാൻ മാനന്തവാടി


എം.ജെ. ഫിലിപ്പ്


ശശി


പൗലി തോമസ്


വി.വി. വർഗീസ്



വൈ. തങ്കച്ചൻ, വെച്ചൂച്ചിറ


എം.പി. രാജമ്മ കുമളി


മറിയാമ്മ ജോർജ്ജ്

ക്രിസ്തീയ ദർശനം
CHRISTHEEYA DARSANAM

# BRETHREN DISTINCTIVES 45





Dr. Johnson C. Philip

## THE FINAL JUDGMENT OF BELIEVERS

As Christians, we must always remember that our lives on earth are temporary. One day, we will all stand before Jesus Christ to be judged. This is called the Final Judgment or the Judgment Seat of Christ. It's important for us to understand what this means and how we should live in light of it.

The Bible tells us clearly that believers in Jesus will face judgment. In Romans 14:10, Paul says, "We will all stand before God's judgment seat." And in 2 Corinthians 5:10, he writes, "For we must all appear before the judgment seat of Christ, so that each of us may receive what is due us for the things done while in the body, whether good or bad."

But don't be afraid! This judgment is not about our salvation. If we have put our faith in Jesus, our sins are already forgiven. John 5:24 says, "Truly, truly, I say to you, whoever hears my word and believes him who sent me has eternal life. He does not come into judgment, but has passed from death to life." Our place in heaven is secure because of what Jesus did for us on the cross.

So, what is this judgment about? It's about how we lived our lives as Christians. God will look at our works, our words, and even our thoughts. He will see how we used the gifts and

opportunities He gave us. Did we serve Him faithfully? Did we love others? Did we spread the good news about Jesus?

This judgment will be a time of reward, not punishment. In 1 Corinthians 3:1215, Paul compares our works to different building materials: "If anyone builds on this foundation using gold, silver, costly stones, wood, hay or straw, their work will be shown for what it is, because the Day will bring it to light. It will be revealed with fire, and the fire will test the quality of each person's work. If what has been built survives, the builder will receive a reward. If it is burned up, the builder will suffer loss but yet will be saved—even though only as one escaping through the flames."

Some of our works may be like gold and silver, lasting forever. Others may be like wood or straw, easily burned up. But remember, even if all our works are burned away, we ourselves will still be saved.

Knowing this should inspire us to live our best for God. We should want to hear Jesus say, "Well done, good and faithful servant!" (Matthew 25:21). Every day is a chance to store up treasures in heaven (Matthew 6:20).

So, how should we live in light of this coming judgment?

- Serve God wholeheartedly. Use your talents and resources for His kingdom.
- Love others. Jesus said the greatest commandments are to love God and love your neighbor (Matthew 22:3640).
- Share the gospel. Help others find the way to eternal life.
- Live with integrity. Remember that God sees everything, even what's hidden.
- Keep eternity in mind. Don't get too attached to earthly things.

Dear brothers and sisters, let's encourage each other to live for Christ. Our time on earth is short, but our rewards in heaven will last forever. As Paul said in Philippians 3:1314, "Brothers and sisters, I do not consider myself yet to have taken hold of it. But one thing I do: Forgetting what is behind and straining toward what is ahead, I press on toward the goal to win the prize for which God has called me heavenward in Christ Jesus."


Let's press on together, looking forward to that day when we will see Jesus face to face and hear His words of approval. May we all strive to be faithful servants, using every day to bring glory to God and to store up treasures in heaven. Remember, what we do in this life echoes in eternity. Let's make it count for Christ!

## പശുത്തൊട്ടിയിലെ ശിശുവോ? കാൽവറി ക്രൂശിലെ ക്രിസ്തുവോ?



മെറീന ജോണി







ലോകമെങ്ങും യേശുവിന്റെ ജനനമാഘോഷിക്കുന്ന മാസമാണല്ലോ. എത്രയോ വർഷങ്ങൾക്ക് മുൻപ് യെശ: പ്രവചാചകനിലൂടെ ദൈവാത്മാവു വെളിപ്പെടുത്തുന്ന സത്യവാഗ്ദത്തമാണിത്. "നമുക്കൊരു ശിശു ജനിച്ചിരിക്കുന്നു: നമുക്കൊരു മകൻ നൽകപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ തോളിൽ ഇരിക്കും. അവന് അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യ പിതാവ് സമാധാന പ്രഭു എന്നു പേർ വിളിക്കും. "(യെശ: 9:6) മാത്രമല്ല യേശുവിന്റെ ജനനത്തിങ്കൽ തന്നെ കർത്താവ് ചെയ്യാനിരിക്കുന്ന ദൗത്യത്തെക്കുറിച്ചും പരിശുദ്ധാത്മാവ് വെളിപ്പെടുത്തിതന്നിരിക്കുന്നു. അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന രക്ഷ പ്രാപിക്കകൊണ്ടു അവനു യേശു എന്നു പേർ ഇടേണം." (മത്തായി 1:21) എന്നാൽ ലോക ജനത ഇന്നും പശുതൊട്ടിയിലെ യേശുവിനെ മാത്രമാണ് കാണുന്നത്. ജനനവും മരണവും ഓരോ ആഘോഷങ്ങളായി മാറിയിരിക്കുന്നു. മാനവജാതിയുടെ പാപങ്ങൾ പരിഹരിച്ച് കാൽവറി ക്രൂശിൽ യാഗമാർത്തീർന്ന രക്ഷകനെ ഹൃദയത്തിൽ സ്വീകരിക്കുന്നില്ല. അന്ന് അടയാളമായി കൊടുത്ത ആകാശനക്ഷത്രം ഇന്നു സകലജാതികളും ഭവനങ്ങളിൽ അലങ്കാരമാക്കിയിരിക്കുന്നു. ചില വിശ്വാസഭവനങ്ങളും അത് അനുകരിച്ച് തുടങ്ങിയിരിക്കുന്നു. വീരനാം ദൈവം സകലത്തെയും സൃഷ്ടിച്ച കർത്താവ് അവന്റെ മഹത്വവും തേജസ്സും യാതൊരു വസ്തുവിനോടോ വ്യക്തിയോടെ ഉപമിക്കാനാവില്ല. "ഈ ജനം അധരം കൊണ്ടും എന്നെ ബഹുമാനിക്കുന്നു. എങ്കിലും അവരുടെ ഹൃദയം എങ്കൽ നിന്നും ദൂരത്ത് അകന്നിരിക്കുന്നു. മാനുഷകല്പനകളായ ഉപദേശങ്ങൾ അവർ ഉപദേശിക്കുന്നതുകൊണ്ടും എന്നെ വ്യർത്ഥമായി ഭജിക്കുന്നു. പാപികളും ദ്രോഷികളുമായ നമ്മെ വീണ്ടെടുപ്പാൻ സ്വർഗ്ഗോന്നതിവിട്ട് ഈ താണലോകത്തിലേക്കിറങ്ങിവന്ന ദൈവമാണവൻ. നാം ഏൽക്കേണ്ടിയിരുന്ന പാപശിക്ഷയായ നരകത്തിൽ നിന്നും നമ്മെ വീണ്ടെടുപ്പാൻ കാൽവറിയിൽ ക്രൂശിൽ പരമയാഗമായിത്തീർന്ന അഭിഷിക്തനാണവൻ. നാം ചെയ്ത സൽപ്രവൃർത്തികളാല്ല ദൈവത്തിന്റെ കരുണയും കൃപയും നമുക്കുനേരെ ഉദിച്ചതുകൊണ്ട് നാം അവന്റെ മക്കാളായിത്തീർന്നു. (എഫെ.2:4-9) വീണ്ടെടുക്കപ്പെട്ട നാമും ഹൃദയപ്രകാരമാണോ ദൈവത്തെ കാണുന്നത് അവന്റെ ക്രൂശിനെയാണോ നാം ദർശിക്കുന്നത്? ഒരിക്കലായിട്ടു യേശു ഈ ഭൂമിയിൽ വന്നു എന്നേയ്ക്കുമുള്ള ഒരു വീണ്ടെടുപ്പ് നിവർത്തിച്ചു. അവന്റെ മഹത്വ പ്രത്യക്ഷയ്ക്കായിട്ടു നമുക്കൊരുങ്ങാം. ദൈവം നമ്മെ സഹായിക്കട്ടെ

## ഇടയലേഖനങ്ങൾ 9

# അധ്യക്ഷസ്ഥാനം നല്ല വേല





ഡോ. സനീഷ് ചെറിയാൻ

**ക്രി**സ്തീയ സഭയിൽ വിശ്വാസികൾ, കുട്ടികളും മുതിർന്നവരും സ്ത്രീകളും പുരുഷന്മാരും എങ്ങനെ പെരുമാറണം എന്നത് സംബന്ധിച്ചു ഇടയലേഖനങ്ങൾ വ്യക്തമായ നിർദ്ദേശങ്ങൾ നൽകുന്നു. ഈ ഉപദേശങ്ങളും നിർദ്ദേശങ്ങളും ക്രിസ്തീയസഭയുടെ നിലനിൽപ്പിനും സുഗമമായ പ്രവർത്തനത്തിനും അനിവാര്യ മായിരിക്കുന്നു. ഉപദേശസത്യങ്ങളിൽ നിശ്ചയം പ്രാപിക്കേണ്ടതും അതിൽ നില നിൽക്കേണ്ടതും ഉപദേശിക്കേതുമായ പ്രാധാന്യം അപ്പോസ് തോലനായ പൌലോസ് തിമോത്തിക്ക് വ്യക്ത മാക്കികൊടുക്കുന്നു. സഭയിൽ വിശ്വാസികൾ തങ്ങളെ അലങ്കരിക്കേണ്ടത് എങ്ങനെ എന്നത് രണ്ടാം അദ്ധ്യായത്തിൽ വ്യക്തമാക്കി. തങ്ങളുടെ വേഷവിധാനം കൊണ്ടും ജീവിതം കൊണ്ടും ദൈവത്തെ മഹത്വപ്പെടുത്തുവാൻ ദൈവാത്മാവ്വിശ്വാസികളോട് ആവശ്യപ്പെ ടുന്നു എന്നത് കഴിഞ്ഞ ലക്കത്തിൽ നാം കണ്ടു. ദൈവഭക്തിയെ വെളിപ്പെടുത്തുന്ന വിധമായിരിക്കണം വിശ്വാസികളുടെ ജീവിതരീതി എന്നും ലോകത്തിനു അനുരൂപം ആയിരിക്കരുത്എന്നുംവചനം വ്യക്തമാ ക്കുന്നു (റോമർ 12:2).

1 തിമോത്തി മൂന്നാം അദ്ധ്യായത്തിൽ സഭയിലെ അധ്യക്ഷന്മാർ അഥവാ മൂപ്പന്മാർ എങ്ങനെ ആയിരിക്കണം എന്നത് സംബ ന്ധിച്ച പ്രമാണമാണ് ദൈവാത്മാവ് പൌ ലോസ് മുഖാന്തരം വ്യക്തമാക്കുന്നത്. സ്ഥലം സഭയുടെ സുഗമമായ പ്രവർത്തനത്തിനു വേണ്ടി ദൈവം ഒരു കൂട്ടം ശുശ്രൂഷ കന്മാരെ സ്ഥാനീയ പദവികളോടെസഭയിൽ നിയമിച്ചിട്ടുണ്ട് എന്ന് വചനം വ്യക്തമാക്കുന്നു; “അവൻ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാ രായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമി ച്ചിരിക്കുന്നു;”(എഫെസ്യർ4:11;1 തെസലോനി ക്യർ5:14). അപ്പോസ്തോലന്മാരും പ്രവാചകന്മാരും സഭയുടെ അടിസ്ഥാന പണിക്കാർ ആകയാൽ ഇന്ന് അവർ ശുശ്രൂഷാ രംഗത്ത്സ്ഥാനീയമായി ഇല്ലെങ്കിലും അവർ ചെയ്തിരിക്കുന്ന അടിസ്ഥാന പണിയിന്മേലാണ് സഭ വളരുന്നതും അഭിവൃദ്ധി പ്രാപിക്കുന്നതും. ഇന്ന്സഭയിൽ അപ്പോസ്തോലിക ഉപദേശപ്രകാരം സഭയെ നയിക്കുവാൻ സുവിശേഷകന്മാരും മൂപ്പന്മാരും (ഇടയന്മാരും) ശുശ്രൂഷകന്മാരും (ഡീക്കന്മാരും) പരിശുദ്ധാത്മാവിനാൽ നിയോഗിതരായി ശുശ്രൂഷകൾ ചെയ്യുന്നു എന്നതാണ് വചനം വെളിപ്പെടുത്തുന്നത്. ഇവരെ ശുശ്രൂഷകന്മാരായി നിയോഗിക്കുന്നതിന് പിന്നിലെ ദൈവികഉദ്ദേശ്യവും ദൈവാത്മാവ് വ്യക്തമായി വെളിപ്പെടുത്തുന്നുണ്ട്

1. രക്ഷിതഗണം അഥവാ വിശ്വാസികൾ വിശ്വാസത്തിലും ദൈവപുത്രനെ കുറിച്ചുള്ള പരിജ്ഞാനത്തിലും വളരുവാൻ.
2. വിശ്വാസികൾ തമ്മിൽ ആത്മീക ഐകൃത കാത്തു സൂക്ഷിക്കുവാൻ.
3. വിശുദ്ധന്മാരുടെ യഥാസ്ഥാപനത്തിനു.
4. ആത്മീക വർദ്ധനയ്ക്ക്.

അതുകൊണ്ട് ഇടിച്ചുകളയുവാനല്ല പണിയുവനാണ് ദൈവം സഭാശുശ്രൂഷകന്മാർക്ക് അധികാരം അല്ലെങ്കിൽ ഉത്തരവാദിത്തം നൽകിയിരിക്കുന്നത് (2കൊരി. 10:8;13:10). സഭയെ പണിയുകയാണ് ദൈവിക ഉദ്ദേശ്യം എന്നതിനാൽ സഭയുടെമേൽ (വിശ്വാസികളുടെമേൽ) ആധിപത്യം നടത്തുകയല്ല അവർക്ക് മുമ്പിൽ മാതൃകയായി ജീവിച്ചു, നയിക്കുക എന്ന ദൌത്യമാണ് സഭയിലെ ശുശ്രൂഷകർക്ക് ദൈവം നൽകിയിരിക്കുന്നത്.

സഭയുടെ സ്ഥാനീയശുശ്രൂഷകളിൽസഭയുടെകാര്യവിചാരകരായിദൈവംചുമതലപ്പെടുത്തിയിരിക്കുന്നത്മൂപ്പ ാരെയാണ്. അവരുടെ ശുശ്രൂഷകളുടെ വിവിധതലങ്ങളെ സൂചിപ്പിക്കുവാനായി ഇടയന്മാർ എന്നും അധ്യക്ഷന്മാർ എന്നും വചനം മൂപ്പന്മാരെ പരിചയപ്പെടുത്തുന്നു. അവർക്കുള്ള യോഗ്യതകളും വചനം വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. ഒരു വിശ്വാസി മൂപ്പൻസ്ഥാനം ആഗ്രഹിക്കുന്നത് തെറ്റല്ല എങ്കിലും അതിനുള്ള യോഗ്യ തകളും സ്ഥാനീയകടമകളും സംബന്ധിച്ച്വ്യക്തമായ ബോദ്ധ്യം ഉണ്ടയിരിക്കണം എന്നത്ദൈവിക വ്യവസ്ഥയാണ്. അടിസ്ഥാനപരമായി മൂപ്പൻ അല്ലെങ്കിൽ അധ്യക്ഷ സ്ഥാനം അധികാരസ്ഥാനമല്ല; ശുശ്രൂഷാ സ്ഥാനമാണ് എന്ന പൂർണ്ണ ബോ ദ്ധ്യം ഉണ്ടായി രിക്കണം എന്ന് ദൈവാത്മാവ് വ്യക്തമാക്കുന്നു (തിമോത്തി3:1). യോഗ്യതകളുടെ വിശദാംശങ്ങൾ കൃത്യമായും വ്യക്തമായും ഈ അദ്ധ്യായം നമുക്ക് മുമ്പിൽ വെളിപ്പെടുത്തുന്നു. അയോഗ്യരായവ്യക്തികൾ അധ്യക്ഷ സ്ഥാനത്ത് വന്നാൽ ആ സ്ഥലം സഭ ആത്മീകമായി തകർന്നു പോകുവാൻ ഇടവരും.

മൂപ്പന്മാർക്ക് മാത്രമല്ല, സഭയിലെ ശുശ്രൂഷകളുടെ നേതൃത്വം വഹിക്കുന്ന എല്ലാ വ്യക്തികൾക്കും ഉണ്ടായിരിക്കേണ്ട അടിസ്ഥാന യോഗ്യ തകളെ വചനം വെളിപ്പെടുത്തുന്നത് വളരെ ഗൌരവത്തോടെ നാം കാണുവാനും ഉൾക്കൊള്ളുവാനും ആവശ്യമുണ്ട്. ഈ യോഗ്യ തകളെ ചുവടെ ചേർക്കും വിധം വചനത്തിൽ നിന്നും മനസിലാക്കാവുന്നതാണ്.

1. വിളി/തിരഞ്ഞെടുപ്പ്/നിയോഗം
2. ദർശനം/ഉൾക്കാഴ്ച
3. നല്ല സാക്ഷ്യം/മാതൃകാജീവിതം
4. ആത്മനിറവ്
5. വചനപരിജ്ഞാനം
6. സമർപ്പണം
7. ഉപദേശനിശ്ചയവും ഉപദേശിക്കുവാനുള്ള കഴിവും

സുവിശേഷകന്മാർ,മൂപ്പന്മാർ, ശുശ്രൂഷകന്മാർ തുടങ്ങി സഭയിലെ ആത്മീക ശുശ്രൂഷകൾക്ക് ചുമൽകൊടുക്കുന്ന എല്ലാവ്യക്തികൾക്കും ഉണ്ടാ യിരിക്കേണ്ട അടിസ്ഥാന യോഗ്യതകൾ ഇവയാണ് എന്ന് തിരുവെഴുത്ത് വ്യക്തമാക്കുന്നു. ഈ വിഷയത്തിൽവ്യക്തമായ ബോദ്ധ്യങ്ങളും യോഗ്യതകളും ഉള്ള വ്യക്തി കളെ സഭകൾ ശുശ്രൂഷകന്മാരായി തിരി ച്ചറിയുവാനും ശുശ്രൂഷകൾ ഏൽപ്പിക്കുവാനും ആവശ്യമുണ്ട്. ആടുകൾ ചേർന്ന് ഇടയന്മാരെ തിരഞ്ഞെടുക്കുന്ന ഒരു രീതിയല്ല സഭയിൽ ഉള്ളത് എങ്കിലും ദൈവ നിയോഗിതരായ, യോഗ്യരായ ശുശ്രൂഷകരെ തിരിച്ചറി യുവാൻ സഭയിലെ മുതിർന്ന ശുശ്രൂഷകർ ക്കും വിശ്വാസികൾക്കും സാധിക്കും എന്ന താണ് അപ്പോസ്തോല പ്രവൃത്തിയൽ നിന്നും നമുക്ക് മനസിലാക്കുവാൻ സാധിക്കുന്നത്. ഇടയലേഖനങ്ങളിൽ വരുമ്പോൾ ഈ യോഗ്യതകളെ നിർദ്ദിഷ്ടയോഗ്യതകളായി വെളിപ്പെടുത്തുന്നു. ഈ യോഗ്യതകൾ ഉള്ളവർ സഭയുടെ അധ്യക്ഷ സ്ഥാനം അല ങ്കരിക്കണം എന്നതാണ് ദൈവികവ്യവസ്ഥ.

മൂപ്പന്മാർകുടുംബത്തെ നന്നായി ഭരിക്കുന്നവർ (നയിക്കുന്നവർ) ആയിരിക്കണം. മക്കൾ വി ശ്വാസത്തിൽ നിലനിൽക്കുന്നവരും സാക്ഷ്യ ജീവിതം നയിക്കുന്നവരും ആയിരിക്കണം എന്നുംവചനം അനുശാസിക്കുന്നു. ധാർമ്മിക ജീവിത വിശുദ്ധി, അഥവാ ദുർന്നടപ്പില്ലാത്ത വ്യക്തികൾ ആയിരിക്കണം മൂപ്പന്മാർ എന്നതും വചനം വ്യക്തമാക്കുന്നു. ജനസ്വാധീനമോ, ധനസ്വാധീനമോ, പാരമ്പര്യമോ മൂപ്പൻ സ്ഥാനത്തിനുള്ള യോഗ്യതയല്ല. വചനം വെളിപ്പെടുത്തുന്ന നിലയിൽ വ്യക്തി ജീവിതത്തിലും കുടുംബ ജീവിതത്തിലും വിശുദ്ധിയും സാക്ഷ്യവും കാത്തുസൂക്ഷിക്കു ന്നവരും, ഉപദേശ നിശ്ചയമുള്ളവരും, ഉപദേ ശിക്കാൻ കഴിവുള്ളവരും, സൌമ്യതയോടെ വിഷയങ്ങളെ കൈകാര്യം ചെയ്യുവാൻ കൃപ യുള്ളവരും ദൈവഭക്തിയിൽ ജീവിക്കുന്ന വരും ആയിരിക്കണം. വിശ്വാസികൾക്ക് നല്ല മാതൃകകാണിച്ചു, ഉപദേശിച്ചു, ആത്മീക വർദ്ധനയുടെ അനുഭവത്തിൽ നയിക്കുവാൻ നിയോഗിതരാണ് അധ്യക്ഷന്മാർ അഥവാ മൂപ്പന്മാർ. ദൈവത്തിന്റെ ആട്ടിൻകൂട്ടമാണ് വിശ്വാസികൾ എന്നതിനാൽ, ദൈവ ഭയത്തിലും ദൈവഭക്തിയിലും അവരെ വളർത്തുവാനും നയിക്കുവാനും മൂപ്പന്മാർ നിയോഗിതരാകുന്നു. അതുകൊണ്ടാണ് അധ്യക്ഷ സ്ഥാനം നല്ല വേലയാണ് എന്ന് ദൈവാത്മാവ് വ്യക്തമാക്കുന്നു. ദൈവനിയോഗിതരായ ഇടയന്മാരെ സഭയ്ക്ക് ലഭിക്കുവാൻ സഭ ഒരു മനസോടെ പ്രാർത്ഥനയിൽ ജാഗരിക്കണം. മൂപ്പന്മാർ തങ്ങൾക്ക് ദൈവനിയോഗമുണ്ടോ എന്നും തങ്ങളുടെ ശുശ്രൂഷകളാൽ സഭയ്ക്ക് ആത്മീക അഭിവൃദ്ധി ഉണ്ടാകുന്നുണ്ടോ എന്ന്ശോധന ചെയ്യുവാനും ഇടയാകണം. അങ്ങനെയുള്ള സഭകൾതീർച്ചയായും അനുഗ്രഹിക്കപ്പെടും. (തുടരും.)

## നിത്യതയിൽ


അമ്മിണി ഐപ്പ്
പൂമല


അന്നമ്മ വർഗീസ്
വാളകം


എലിസബേത്ത് ചാക്കോ


അന്നമ്മ സെൻ മോൻ
വല്യയന്തി


മേരി ജോർജ്ജ്


ലിസി ജോൺസൺ


ലിസി തോമസ്


പെണ്ണമ്മ ഏബ്രഹാം


സിസിലി വർഗീസ്


സിമി ജോണി


വത്സല ജോർജ്ജ്
കുഴിക്കം


സാറാമ്മ ഏലിയാസ്
മണർകാട്


കുഞ്ഞമ്മ റ്റി.യു


സാറാമ്മ ഏലിയാസ്

## എക്ക്ളേസിയ എന്ന ദൈവസഭ

# ന്യായപ്രമാണം നൽകിയ ദിവസം; ജനം നടുങ്ങി

# ദൈവസഭ സ്ഥാപിതമായ പെന്തെക്കൊസ്തുനാൾ ജനം ആശ്ചര്യപ്പെട്ടു.



ഡോ. കെ. സി. ജോൺസൺ

സീനായ് പർവതത്തിൽ ന്യായപ്രമാണം നൽകിയ ദിവസവും ദൈവസഭ സ്ഥാപിതമായ അപ്പൊസ്തല പ്രവൃത്തികൾ രണ്ടാം അദ്ധ്യായത്തിലെ പെന്തെക്കൊസ്ത് ദിനവും മനുഷ്യരാശിയുമായുള്ള ദൈവത്തിന്റെ ഇടപെടലിലെ നിർണായക ദിവസങ്ങളായിരുന്നു. ഈ രണ്ട് ദിവസങ്ങളിലേയ്ക്ക് അനുവാചകരുടെ ശ്രദ്ധയെ ക്ഷണിക്കുന്നു.

### 1. യിസ്രായേൽ മക്കൾക്കു ലഭിച്ച ന്യായപ്രമാണം

മിസ്രയീംവിട്ട് മൂന്ന് മാസം കഴിഞ്ഞപ്പോൾ യിസ്രായേൽ മക്കൾ സീനായ് മരുഭൂമിയിൽ എത്തി അവിടെ പാളയമിറങ്ങി (പുറപ്പാട് 19:1). മൂന്നാം ദിവസം, ദൈവത്തിന്റെ നിർദ്ദേശപ്രകാരം ശുദ്ധീകരിക്കപ്പെട്ടു ഒരുങ്ങിയ ജനത്തെ എല്ലാവരെയും സീനായ് പർവ്വതത്തിനു ചുറ്റും മോശെ ഒരുമിച്ചുകൂട്ടി. പത്തു കൽപ്പനകൾ അവർക്കു വെളിപ്പെടുത്തിക്കൊടുത്തുകൊണ്ടുള്ള ദൈവത്തിന്റെ ശബ്ദം ജനം കേട്ടു (പുറ. 20:1, 19, 22). കൂടാതെ, യഹോവയായ ദൈവം യിസ്രായേൽ മക്കൾ പാലിക്കേണ്ട പൊതുവായ സാമൂഹിക നിയമങ്ങളും മോശെയ്ക്ക് നൽകി (പുറ. 20:22–23:33). പർവതത്തിൽ നിന്ന് ഇറങ്ങിയ ശേഷം മോശെ ഈ നിയമങ്ങളും സീനായ് പർവതത്തിൽ കർത്താവ് തനിക്ക് വെളിപ്പെടുത്തിയ എല്ലാ കാര്യങ്ങളും ജനത്തെ അറിയിക്കുകയും എഴുതി വയ്ക്കുകയും ചെയ്തു (പുറ. 24:3–4).

പിന്നീട് ദൈവത്തിന്റെ കൽപ്പനപ്രകാരം മോശ മലമുകളിൽ കയറി നാൽപത് രാവും നാല്പതു പകലും അവിടെ താമസിച്ചു (പുറ. 24:18). ഈ സന്ദർഭത്തിൽ സമാഗമന കൂടാരം, സാക്ഷ്യപെട്ടകം, അതിന്മീതെയുള്ള കൃപാസനം, കൂടാരത്തിന്റെ ഉപകരണങ്ങൾ, മേശയും അതിന്റെ ഉപകരണങ്ങൾ, തങ്കം കൊണ്ടുള്ള നിലവിളക്കും അതിന്റെ ഉപകരണങ്ങൾ, ധൂപപീഠവും ഹോമയാഗപീഠവും അതിന്റെ ഉപകരണങ്ങൾ, തൊട്ടിയും അതിന്റെ കാല്, വിശേഷവസ്ത്രങ്ങൾ, പുരോഹിതനായ അഹരോന്റെ വിശുദ്ധവസ്ത്രങ്ങൾ, പുരോഹിത ശുശ്രൂഷെക്കായിട്ടു അവന്റെ പുത്രന്മാരുടെ വസ്ത്രങ്ങൾ, അഭിഷേകതൈലം, വിശുദ്ധമന്ദിരത്തിന്നുള്ള സുഗന്ധധൂപവർഗ്ഗം (പുറ. 25:1–31:17) എന്നിവ സംബന്ധിച്ച വിശദാംശങ്ങളും ദൈവം മോശെയ്ക്കു വെളിപ്പെടുത്തി. രണ്ട് കൽപ്പലകകളിൽ ദൈവം എഴുതിയ പത്ത് കൽപ്പനകൾ ദൈവം മോശെയ്ക്ക് നൽകി (പുറ. 31:18). എന്നാൽ മോശെയുടെ അഭാവത്തിൽ യിസ്രായേൽ മക്കൾ ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി അതിനെ നമസ്ക്കരിച്ചിതിനാൽ പർവ്വതത്തിൽ നിന്നും ഇറങ്ങിവന്ന മോശെ പത്ത് കൽപ്പനകൾ ദൈവം എഴുതിയ രണ്ട് കൽപ്പലകകളെ കയ്യിൽ നിന്നു എറിഞ്ഞു പർവ്വതത്തിന്റെ അടിവാരത്തുവെച്ചു പൊട്ടിച്ചുകളഞ്ഞു (പുറ. 32:1–4, 8, 15–16, 19).

ദൈവത്തിന്റെ കൽപ്പന അനുസരിച്ച് മോശെ രണ്ട് കൽപ്പലകകൾ ചെത്തിയെടുക്കുകയും വീണ്ടും സീനായ് പർവ്വതത്തിൽ കയറുകയും ചെയ്തു (പുറ. 34:1–4). മോശെ എറിഞ്ഞു പൊട്ടിച്ചുകളഞ്ഞ മുമ്പിലത്തെ കൽപ്പലകകളിൽ ഉണ്ടായിരുന്ന വചനങ്ങളെ ദൈവം പുതിയ പലകകളിൽ എഴുതും മുമ്പെ യിസ്രായേൽ മക്കൾ പാലിക്കേണ്ട ചില നിയമങ്ങൾ കൂടെ ദൈവം മോശെയ്ക്ക് നൽകുകയുണ്ടായി (പുറ. 34:5–26). മോശ 40 ദിവസം കൂടി സീനായ് പർവ്വതത്തിൽ തുടരുകയും ഒടുവിൽ ദൈവം പുതിയ കൽപ്പലകകളിൽ പത്തു കല്പനയായ നിയമത്തിന്റെ വചനങ്ങളെ എഴുതിക്കൊടുക്കുകയും ചെയ്തു (പുറപ്പാട് 34:28). ദൈവം സീനായ് പർവ്വതത്തിൽവെച്ച് മോശെയ്ക്ക് വെളിപ്പെടുത്തിയ നിയമങ്ങൾ പിന്നീട് "മോശയുടെ ന്യായപ്രമാണം" (1 രാജാ. 2:4; എസ്രാ 7:6; ലൂക്കൊസ് 2:22) എന്നറിയപ്പെട്ടു.

### 2. ദൈവസഭ സ്ഥാപിതമായ പെന്തെക്കൊസ്ത് നാൾ

പരിശുദ്ധാത്മസ്നാനം ചരിത്രപരമായി നടക്കുകയും അതിന്റെ ഫലമായി ദൈവസഭ സ്ഥാപിതമാകുകയും ചെയ്ത ദിവസമാണ് പെന്തെക്കൊസ്ത് നാൾ. യഹോവ യിസ്രായേൽ മക്കൾക്കു ആചരിക്കുന്നതിനു നൽകിയ ഏഴ് ഉത്സവങ്ങളിൽ നാലാമത്തേതാണ് പെന്തെക്കൊസ്ത് (ലേവ്യ. 23:4, 15–16; അപ്പൊ. 2:1).

എബ്രായ കലണ്ടറിലെ ഒന്നാം മാസമായ നിസാൻ മാസം 14–ാം തീയതിയാണ് ഒന്നാം ഉത്സവമായ പെസഹാ (ലേവ്യ. 23:5). ഈ ഉത്സവം കർത്താവായ യേശുക്രിസ്തുവിന്റെ മരണത്തിന്റെ നിഴലാണ് (1 കൊരി. 5:7). നിസാൻ മാസം പതിനഞ്ചാം തീയതിയാണ് രണ്ടാം ഉത്സവമായ പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുനാൾ. അത് പതിനഞ്ചാം തീയതി മുതൽ ഇരുപത്തി ഒന്നാം തീയതി വരെ തുടരുന്ന 7 ദിവസം നീണ്ടു നില്ക്കുന്ന ഒരു ഉത്സവമാണ് (ലേവ്യ. 23:6–8). പുതിയ നിയമത്തിൽ, പുളിപ്പ് പലപ്പോഴും അശുദ്ധിയും തിന്മയുമായി ബന്ധപ്പെട്ടിരിക്കുന്നു (1 കൊരി. 5:6–8; ഗലാ. 5:9). യിസ്രായേൽ മക്കൾ തങ്ങളുടെ അപ്പത്തിൽ നിന്ന് പുളിപ്പ് നീക്കം ചെയ്തതുപോലെ, യേശുക്രിസ്തുവിന്റെ മരണത്തിന്റെ പരിണിത ഫലമായി രക്ഷിക്കപ്പെട്ട വിശ്വാസികൾ അവരുടെ അനുദിന ജീവിതത്തിൽ നിന്ന് അശുദ്ധിയും തിന്മയും നീക്കം ചെയ്ത് പ്രായോഗിക വിശുദ്ധീകരണത്തിൽ ജീവിക്കേണ്ടതാണ്. മൂന്നാം ഉത്സവമായ ആദ്യഫലപ്പെരുന്നാൾ പെസഹായ്ക്ക് ശേഷം വരുന്ന ശബ്ബത്തിന്റെ അടുത്ത ദിവസമാണ് (ലേവ്യ. 23:10–14). ഇത് കർത്താവായ യേശുക്രിസ്തുവിന്റെ ഉയിർപ്പിന്റെ നിഴലാണ് (1 കൊരി. 15:23). ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽനിന്നു തേജസ്ക്കരിക്കപ്പെട്ട ശരീരത്തോടെ ഉയിർത്തെഴുന്നേറ്റതുപോലെ (1 കൊരി. 15:20) വീണ്ടും ജനിച്ചവരെല്ലാം അവനെ അനുഗമിക്കും. ക്രിസ്തുവിൽ മരിച്ചവരെല്ലാം അവന്റെ വരവിൽ തേജസ്ക്കരിക്കപ്പെട്ട ശരീരത്തോടെ ഉയിർത്തെഴുന്നേൽക്കും (1 കൊരി. 15:52; 1 തെസ്സ. 4:16).

ആദ്യഫലപ്പെരുന്നാളിന് ശേഷമുള്ള ഏഴ് ശബ്ബത്തിന് ശേഷമുള്ള ദിവസം, അതായത് അമ്പതാം നാൾ ആണ് വാരോത്സവം (ആവ. 16:9–10; ലേവ്യ. 23:15–17). അമ്പതാമത്തേത് എന്നതിന് ഗ്രീക്കു ഭാഷയിലുള്ള *പെന്റേകൊസ്റ്റേ* എന്ന വാക്കിൽനിന്നും രൂപമെടുത്ത മലയാളപദമാണ് പെന്തെക്കൊസ്ത്. പുതിയനിയമ പശ്ചാത്തലത്തിൽ പറഞ്ഞാൽ, യേശുക്രിസ്തുവിന്റെ ഉയിർപ്പിന് ശേഷമുള്ള 50–ാം നാൾ ആണ് പെന്തെക്കൊസ്ത് നാൾ. ഈ ഉത്സവം കാണിക്കുന്നത് ആദ്യഫല സമർപ്പണമാണ്. ദൈവം നൽകുന്ന നിർദ്ദേശം ഇപ്രകാരമാണ്: "ശബ്ബത്തിന്റെ പിറ്റെന്നാൾമുതൽ നിങ്ങൾ നീരാ ജനത്തിന്റെ കറ്റ കൊണ്ടുവന്ന ദിവസം മുതൽ തന്നേ, എണ്ണി ഏഴു ശബ്ബത്ത് തികയേണം. ഏഴാമത്തെ ശബ്ബത്തിന്റെ പിറ്റെന്നാൾവരെ അമ്പതു ദിവസം എണ്ണി യഹോവെക്കു പുതിയ ധാന്യംകൊണ്ടു ഒരു ഭോജനയാഗം അർപ്പി ക്കേണം. നീരാജനത്തിന്നു രണ്ടിങ്ങഴി മാവുകൊണ്ടു രണ്ടപ്പം നിങ്ങളുടെ വാസസ്ഥലങ്ങളിൽനിന്നു കൊണ്ടുവരേണം; അതു നേരിയ മാവുകൊണ്ടു ള്ളതും പുളിപ്പിച്ചു ചുട്ടതും ആയിരിക്കേണം; അതു യഹോവെക്കു ആദ്യവിളവു" (ലേവ്യ. 23:15–17). ഈ രണ്ടപ്പം ദൈവസഭയുടെ ഭാഗമായിത്തീർന്ന യെഹൂദനേയും യവനനേയും കാണിക്കുന്നു. പെന്തെക്കൊസ്ത് നാളിൽ പരിശുദ്ധാത്മസ്നാനം ചരിത്രപരമായി നടന്നിന്റെ ഫലമായിട്ടാണ് യെഹൂദന്മാരോ യവനന്മാരോ ദാസന്മാരോ സ്വതന്ത്രരോ എന്ന വ്യത്യാസമില്ലാത്ത ക്രിസ്തുവിന്റെ ഏകശരീരമായ (1 കൊരി. 12:13) ദൈവസഭ സ്ഥാപിക്കപ്പെട്ടത്. കാൽവറിയിലെ ക്രിസ്തുവിന്റെ മരണത്താൽ ഒരുക്കപ്പെട്ട രക്ഷ മാനവവർഗ്ഗത്തിന് ലഭ്യമായത് പെന്തെക്കൊസ്ത് നാളിലാണ്.

### 3. ന്യായപ്രമാണം നൽകിയ ദിവസത്തിലും പെന്തെക്കൊസ്ത് നാളിലും നടന്ന സമാനമായ പ്രകൃത്യാതീത സംഭവങ്ങൾ

ന്യായപ്രമാണം നൽകിയ ദിവസത്തിൽ ഇടിമുഴക്കവും മിന്നലും പർവ്വതത്തിൽ കാർമേഘവും മഹാഗംഭീരമായ കാഹളധ്വനിയും ഉണ്ടായി (പുറ. 19:16). യഹോവ തീയിൽ സീനായി പർവ്വതത്തിൽ ഇറങ്ങുകയാൽ അതു മുഴുവനും പുകകൊണ്ടു മൂടി; അതിന്റെ പുക തീച്ചൂളയിലെ പുകപോലെ പൊങ്ങി; പർവ്വതം ഒക്കെയും ഏറ്റവും കുലുങ്ങി. കാഹളധ്വനി ദീർഘമായി ഉറച്ചുറച്ചുവന്നു (പുറ. 19:18–19). പെന്തെക്കൊസ്ത് നാളിലും ഇതിനു സമാനമായ ചില സംഭവങ്ങൾ നടന്നു. അന്നു കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തനിന്നു ഒരു മുഴക്കം ഉണ്ടായി, അവർ ഇരുന്നിരുന്ന വീടു മുഴുവനും നിറെച്ചു. അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി അപ്പൊസ്തലന്മാരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു. അപ്പൊസ്തലന്മാർ എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി ആത്മാവു അവർക്കു ഉച്ചരിപ്പാൻ നല്കിയതുപോലെ അന്യഭാഷകളിൽ സംസാരിക്കുകയുണ്ടായി (അപ്പൊ. 2:2–4).

### 4. ന്യായപ്രമാണം നൽകിയ ദിവസത്തിലും പെന്തെക്കൊസ്ത് നാളിലും നടന്ന പ്രകൃത്യാതീത സംഭവങ്ങളോടുള്ള ജനത്തിന്റെ സമാനമായ പ്രതികരണം

ന്യായപ്രമാണം നൽകിയ ദിവസത്തിലുള്ള പ്രകൃത്യാതീത സംഭവങ്ങളിൽ പാളയത്തിലുള്ള ജനം ഒക്കെയും നടുങ്ങി (പുറ. 19:16). പെന്തെക്കൊസ്ത് നാളിൽ മുഴക്കം ഉണ്ടായപ്പോൾ പുരുഷാരം വന്നുകൂടി, ഓരോരുത്തൻ താന്താന്റെ ഭാഷയിൽ അപ്പൊസ്തലന്മാർ സംസാരിക്കുന്നതു കേട്ടു അമ്പരന്നു പോയി. കൂടിവന്നവർ എല്ലാവരും ഭ്രമിച്ചു ആശ്ചര്യപ്പെട്ടു. എല്ലാവരും ഭ്രമിച്ചു ചഞ്ചലിച്ചു. (അപ്പൊ. 2:6–7, 12).

### 5. പത്ത് കൽപനകൾ ദൈവം എഴുതിയ രണ്ട് കൽപലകകളുമായി മോശെ പർവ്വതത്തിൽ നിന്നും ഇറങ്ങിവന്ന ദിവസത്തിലെ മരണവും പെന്തെക്കൊസ്ത് നാളിൽ ജനത്തിനു ലഭിച്ച മരണത്തിൽ നിന്നുള്ള വിടുതലും

രണ്ട് കൽപ്പലകകളിൽ ദൈവം എഴുതിയ പത്ത് കൽപ്പനകൾ ദൈവം മോശെയ്ക്ക് സീനായ് പർവ്വതത്തിൽ വച്ച് നൽകി (പുറ. 31:18). എന്നാൽ മോശെ സീനായ് പർവ്വതത്തിൽ ആയിരുന്ന സന്ദർഭത്തിൽ യിസ്രായേൽ മക്കൾ ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി അതിനെ നമസ്ക്കരിച്ചിതിനാൽ പർവ്വതത്തിൽ നിന്നും ഇറങ്ങിവന്ന മോശെ പത്ത് കൽപ്പനകൾ ദൈവം എഴുതിയ രണ്ട് കൽപ്പലകകളെ കയ്യിൽനിന്നു എറിഞ്ഞു പർവ്വതത്തിന്റെ അടിവാരത്തുവെച്ചു പൊട്ടിച്ചുകളഞ്ഞു (പുറ. 32:1–4, 8, 15–16, 19). അന്ന് മോശെയുടെ കല്പന അനുസരിച്ചുകൊണ്ട് യഹോവയുടെ പക്ഷത്തുണ്ടായിരുന്ന ലേവ്യർ യഹോവയുടെ പക്ഷത്തില്ലാതിരുന്ന ഏകദേശം മൂവായിരം പേരെ കൊന്നുകളകയുണ്ടായി (പുറ. 32:26–28). എന്നാൽ പെന്തെക്കൊസ്ത് നാളിൽ പത്രൊസ് പ്രസംഗിച്ച കൃപയുടെ സുവിശേഷം വിശ്വസിച്ച് അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ചിരുന്ന മൂവായിരത്തോളം പേർ (അപ്പൊ. 2:40–41) പുതുജീവൻ പ്രാപിക്കുകയുണ്ടായി.

### 6. ന്യായപ്രമാണത്തിന്റെ പ്രതികരണവും കൃപയുടെ പ്രതികരണവും

മോശെ മുഖാന്തരം ലഭിച്ച ന്യായപ്രമാണത്തിന്റെ പ്രതികരണവും യേശുക്രിസ്തു മുഖാന്തരം വന്ന കൃപയുടെ പ്രതികരണവും (യോഹ. 1:17) തമ്മിലുള്ള വ്യത്യാസം അജഗജാന്തരമാണ്. ന്യായപ്രമാണത്തിന്റെ പ്രതികരണം പ്രതികാരത്തിന്റെ പ്രതികരണമാണ്: "കണ്ണിന്നു പകരം കണ്ണു; പല്ലിന്നു പകരം പല്ലു; കൈക്കു പകരം കൈ; കാലിന്നു പകരം കാൽ; പൊള്ളലിന്നു പകരം പൊള്ളൽ; മുറിവിന്നു പകരം മുറിവു; തിണർപ്പിന്നു പകരം തിണർപ്പു" (പുറ. 21:24–25; ലേവ്യ. 24:20; ആവ. 19:21). ക്രിസ്തുവിന്റെ വാക്കുകൾ പ്രസിദ്ധമാണല്ലോ: "കണ്ണിനു പകരം കണ്ണും പല്ലിന്നു പകരം പല്ലും എന്നു അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നതു: ദുഷ്ടനോടു എതിർക്കരുതു; നിന്നെ വലത്തെ ചെകിട്ടത്തു അടിക്കുന്നവന്നു മറ്റേതും തിരിച്ചുകാണിക്ക" (മത്തായി 5:38–39).

കൃപയുടെ പ്രതികരണം സ്നേഹത്തിന്റെ പ്രതികരണമാണ്. "നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു പുതിയോരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു തന്നേ. നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്നു എല്ലാവരും അറിയും" (യോഹ. 13:34–35). ന്യായപ്രമാണത്തിന്റെ പ്രതികരണവും കൃപയുടെ പ്രതികരണവും തമ്മിലുള്ള വ്യത്യാസം ക്രിസ്തുവിന്റെ ഈ വാക്കുകളിൽ പ്രകടമാണ്: "കൂട്ടുകാരനെ സ്നേഹിക്ക എന്നും ശത്രുവിനെ പകെക്ക എന്നും അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നതു: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ഉപദ്ര വിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പിൻ" (മത്തായി 5:43–44).

യേശുക്രിസ്തുമുഖാന്തരം ദൈവകൃപ ലഭിച്ച് രക്ഷിക്കപ്പെടുന്നതിനും പെന്തെക്കൊസ്ത് നാളിൽ സ്ഥാപിതമായ ദൈവസഭയുടെ ഭാഗമായിത്തീരുന്നതിനും വിളിച്ചു വേർതിരിച്ച ദൈവത്തിന് നന്ദി അർപ്പിച്ചുകൊണ്ട് അനുദിനം ജീവിയ്ക്കുന്നതിനും കൃപയുടെ പ്രതികരണശൈലിയോടെ ജീവിയ്ക്കുന്നതിനും പരിശുദ്ധാത്മാവായ ദൈവം എല്ലാ അനുവാചകരേയും സഹായിക്കുമാറാകട്ടെ.

**CHRISTHEEYA DARSANAM**
VARICKAMAKAL HOUSE (1/238)
KARIYAMPLAVE P.O, ANGADI, RANNI
KERALA-689615
email: **cdranni2020@gmail.com**

ക്രിസ്തീയ ദർശനം
ക്രിസ്ത്യൻ ബ്രദറൺ സഭാ വാർത്താ പത്രം

ജനുവരി– 2025
ഒറ്റ പ്രതി: ₹10
RNI. Reg.No. **KERBIL / 2008 / 26466**
**REGISTERED**
Postal Reg. No. **KL /PTA/ 89/ 2023-2025**
**Published on 14th January 2025**
Posted on **16th January 2025 at RMS Thiruvalla**

# അനുകരണീയം, അനുമോദനാർഹം, ദൈവനാമമഹത്വം

**നെയ്യാറ്റിൻകര, കാട്ടാക്കട പ്രദേശങ്ങളിലെ ബ്രദറൺ സഭാ വിശ്വാസികളുടെ ചിരകാല സ്വപ്നം പൂവണിഞ്ഞു.**

**കാരക്കോണം ബ്രദറൺ ട്രസ്റ്റ് നിർമ്മിച്ച് നൽകിയ പൊതു ശ്മാശാനത്തിന്റെ സ്തോത്ര സമർപ്പണ ശുശ്രൂഷ 2024 നവംബർ 10 ന് നടന്നു.**

**അനിതര സാധാരണമായ ഈ പ്രവർത്തിക്ക് നേതൃത്വവും സമ്പത്തും സ്ഥലവും സഹകരണവും സമ്മാനിച്ച് സഹോദരന്മാർക്ക് അഭിനന്ദനങ്ങൾ!!**


ബ്രദർ സാമുവേൽ ജോൺ പ്രസംഗിക്കുന്നു.


ഉദ്ഘാടന വേദി


നിർമ്മിക്കപ്പെട്ട സെല്ലുകൾ


ശ്മാശാനത്തിന്റെ പ്രവേശന കവാടം

**തിരുവനന്തപുരം :** തിരുവനന്തപുരം ജില്ലയുടെ തെക്കൻ ഭാഗങ്ങളിൽ സ്ഥിതി ചെയ്യുന്ന നാൽപതിലേറെ ബ്രദറൺ സഭാ വിശ്വാസികൾ, കഴിഞ്ഞ കുറെ വർഷങ്ങളായി അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രശ്നമായിരുന്നു പൊതുശ്മശാനം. ഈ പാവപ്പെട്ടവരായ സഹോദരങ്ങൾ വളരെ പരിമിതമായ സ്ഥലങ്ങളിൽ ചെറു ഭവനങ്ങളിൽ പാർക്കുന്നവരാണ്. മുൻ കാലങ്ങളിൽ തങ്ങളുടെ പ്രിയപ്പെട്ടവർ മരിക്കുമ്പോൾ സ്വന്തസ്ഥലത്ത് അടക്കം ചെയ്ത് വരികയായിരുന്നു.

അടിയന്തിര പ്രാധാന്യമുള്ള വിഷയം മനസ്സിലാക്കിയ സഹോദരൻ സാമുവേൽ വറുഗീസ് & തോമസ് സാമുവേൽ (എറണാകുളം) 13 സെന്റ് സ്ഥലം ഈ ആവശ്യത്തിലേക്ക് വാങ്ങി. തുടർന്ന് അവിടെ സെല്ലുകളും ചുറ്റുമതിലും മറ്റും പണിയേണ്ടതായിട്ടുണ്ട്. സഹോദരന്മാരുടെ താല്പര്യപ്രകാരം 'കാരക്കോണം ബ്രദറൺ ട്രസ്റ്റ് രൂപീകൃതമായി. ബ്രദർ സാമുവേൽ ജോൺ (തിരുവനന്തപുരം), ബ്രദർ. വിബിൻ സാമുവേൽ എന്നിവർ മുൻകൈ എടുത്ത് സെല്ലുകളുടേയും മേൽക്കൂരയോടുകൂടിയ ഷെഡ്, ചുറ്റുമതിൽ എന്നിവ നിർമ്മിച്ചു നൽകി.

അനേക സ്ഥലങ്ങളിൽ ദൈവജനം സഭാഹാളുകളും സെമിത്തേരിയുമില്ലാതെ കഷ്ടമനുഭവിക്കുമ്പാളാണ് ബഹുമാന്യ സഹോദരന്മാർ സ്വമനസ്സാലെ സ്വന്തം പണം ഉപയോഗിച്ച് കാരക്കോണത്ത് ശ്മാശാനം നിർമ്മിച്ചിരിക്കുന്നത്. വിശാലമായ സൗകര്യങ്ങൾ ഒരുക്കപ്പെട്ട ഈ ശ്മാശാനത്തിന് 45 ലക്ഷത്തിലധികം ചെലവ് വന്നിട്ടിട്ടുണ്ട്. നെയ്യാറ്റിൻകര – കാട്ടാക്കട ഭാഗങ്ങളിലെ ബ്രദറൺ സഭാ വിശ്വാസികളുടെ ചിരകാല സ്വപ്നം പൂവണിഞ്ഞു. ട്രസ്റ്റ് മെമ്പറും കാരക്കോണം സഭയുടെ മൂപ്പനുമായ ഇവാ. ധർമ്മദാസ് ഈ പ്രവർത്തനങ്ങൾ സഫലീകരിക്കാൻ വളരെയധികം അദ്ധ്വാനിച്ചു എന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. പണി പൂർത്തീകരിച്ച ശ്മാശാനത്തിന്റെ സ്തോത്ര സമർപ്പണ ശുശ്രൂഷ 10–11–2024 ഞായറാഴ്ച 4 മണിക്ക് വിവിധ സഭയിൽ നിന്നുള്ള നൂറ് കണക്കിന് വിശ്വാസികളുടെ സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ടു. ഈ ശ്മാശനത്തിന്റെ തുടർ നടത്തിപ്പുകൾക്കായി പ്രാദേശിക ബ്രദറൺ സഭകളിൽ നിന്നും 10 പേർ അടങ്ങുന്ന ഒരു സമിതിയെ തെരഞ്ഞെടുത്ത് ചുമതലപ്പെടുത്തിയിരിക്കുന്നു.

അനിതര സാധാരണമായ ഇത്തരം ശുശ്രൂഷയ്ക്ക് നേതൃത്വവും സമ്പത്തും സഹകരണവും സമ്മാനിച്ച ക്രിസ്തീയദർശനം എഡിറ്റോറിയൽ ബോർഡ് അംഗം കൂടിയായ ബ്രദർ സാമുവേൽ ജോൺ ചേന്നങ്കര, തിരുവനന്തപുരം, ബ്രദർ സാമുവേൽ വർഗീസ് എറണാകുളം എന്നിവരെ ക്രിസ്തീയദർശനം വാർത്താപത്രം ഹൃദയംഗമായി അഭിനന്ദിക്കുന്നു. കർത്താവ് പ്രിയപ്പട്ടവരെ സമൃദ്ധിയായി അനുഗ്രഹിക്കട്ടെ.




Printed, Published & Owned by Saji John and Printed at Rashtra Deepika, Rashtra Deepika Building, Vadavathoor P.O., Vijayapuram, Kottayam, Kerala. Pin: 686010
Published from Saji John, Varickamakal House (1/238), Kariampalve P.O., Angadi-Ranny, Kerala, 689615, Editor : Saji John